# സഹ്യനാദം

Vol. 6 No.5 May 2009


## പരിശുദ്ധ പിതാവിന്റെ ദൈവവിളിദിന സന്ദേശം

മെത്രാൻ പദവിയിലും പൗരോഹിത്യപദവിയിലുമുള്ള വന്ദ്യ സഹോദരരേ, പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേയ്ക്കും ധാരാളം ദൈവവിളികളുണ്ടാകുവാൻ വേണ്ടി സാർവ്വത്രിക സഭ 2009 മെയ് 3-ാം തീയതി ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിക്കുന്ന സന്ദർഭത്തിൽ സഭാതനയരുടെ സജീവ പരിചിന്തനത്തിനായി താഴെപ്പറയുന്ന വിഷയം ഞാൻ നല്കുന്നു: ദൈവിക വിശ്വാസമാണു മുൻകൈ എടുക്കലിലുള്ള മാനുഷിക പ്രത്യുത്തരം. തന്റെ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ എന്ന ശിഷ്യരോടുള്ള യേശുനാഥന്റെ ഈ ആഹ്വാനം ഊന്നൽ നൽകുന്നത് വിശ്വാസതീഷ്ണതയോടെയുള്ള നിരന്തരമായ പ്രാർത്ഥയ്ക്കാണ്. പ്രാർത്ഥനയിലൂടെ സജീവമാകുന്ന ദൈവപരിപാലനയിലുള്ള പ്രത്യാശയും മഹത്തായ വിശ്വാസവുമാണ് ക്രൈസ്തവ സമൂഹത്തിന് യഥാർത്ഥത്തിൽ ഉണ്ടായിരിക്കേണ്ടത്.

പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കുമുള്ള ദൈവവിളി സഭയ്ക്കുള്ള അവിടുത്തെ സവിശേഷമായ സമ്മാനമാണ്. അത് സകല മാനവരാശിക്കും വേണ്ടിയുള്ള ഉദാത്തമായ സ്നേഹത്തിന്റെയും രക്ഷയുടേയും പദ്ധതിയുടെ ഭാഗവുമാണ്. വിശുദ്ധ പൗലോസിന്റെ വർഷത്തിൽ എഫേസോസുകാർക്കെഴുതിയ ലേഖന ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്: ''സ്വർഗ്ഗീയമായ എല്ലാ ആത്മീയവരങ്ങളാലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചവനും കർത്താവായ യേശുക്രിസ്തുവിന്റെ പിതാവുമായ ദൈവം സ്തുതിക്കപ്പെട്ടവനാകട്ടെ. തന്റെ മുമ്പാകെ ദൈവത്തിൽ പരിശുദ്ധരും





നിഷ്ക്കളങ്കരുമായിരിക്കുവാൻ ലോകസ്ഥാപനത്തിന് മുമ്പുതന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു'' (എഫേ. 1:3-4) വിശുദ്ധിയിലേയ്ക്കുള്ള ദൈവത്തിന്റെ സാർവ്വത്രികമായ വിളി തന്റെ പുത്രനായ യേശുക്രിസ്തുവിനെ അടുത്ത് അനുഗമിക്കുന്നതിനുള്ളതാണ്. അവിടുത്തെ അനുഗൃഹീത സേവകരും സാക്ഷികളുമായി ജീവിക്കുന്നതിനു ചിലരെ പ്രത്യേകമായി അവിടുന്ന് തിരഞ്ഞെടുക്കുന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി ക്രിസ്തുനാഥൻ തന്റെ ശ്ലീഹന്മാരെ വിളിച്ചു(മർക്കോസ് 3: 14-15). ശ്ലീഹന്മാരാകട്ടെ തങ്ങളുടെ ഈ ദൗത്യത്തിൽ പങ്കാളികളാകുവാൻ മറ്റുള്ളവരേയും തെരഞ്ഞെടുത്തു. ദൈവവിളിക്ക് പ്രത്യുത്തരം നല്കിയും പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്ക് വിധേയരായി ദൈവവചനം പ്രഘോഷിച്ചും സഭാ സേവനത്തിനായി തങ്ങളെ തന്നെ പ്രത്ഷ്ഠിച്ചും പുരോഹിത ശ്രേണിയിൽ അംഗമായും അനേകർ സഭയിൽ സേവനം ചെയ്യുന്നു. നമുക്ക് ദൈവത്തോട് നന്ദിയുള്ളവരാകാം, അവിടുത്തെ മുന്തിരിത്തോപ്പിലേയ്ക്ക് ഇന്നും നിരവധി വേലക്കാരെ അവിടുന്ന് വിളിച്ചുകൊണ്ടിരിക്കുന്നതിന്. ലോകത്തിന്റെ ചില ഭാഗങ്ങളിൽ പുരോഹിതരുടെ എണ്ണം കുറയുന്നുവെന്നത് അസ്വസ്ഥതാജനകമാണ്. എങ്കിലും സഭയെ വിവിധ കാലഘട്ടങ്ങളിലൂടെ നയിക്കുന്നതും സുനിശ്ചിതമായി ദൈവരാജ്യത്തിന്റെ പൂർണ്ണതയിലെത്തിക്കുന്നതും ക്രിസ്തുനാഥനാണ്. യേശുക്രിസ്തു തന്റെ കരുണാർദ്രമായ സ്നേഹത്തിന്റെ നിഗൂഢമായ പദ്ധതികൾ പിൻതുടരുന്നതിന് എല്ലാ പ്രായത്തിലും സംസ്ക്കാരത്തിലുംപെട്ടവരെ ക്ഷണിക്കുന്നു.

അതിനാൽ നമ്മുടെ പ്രഥമകർത്തവ്യം കുടുംബങ്ങളിലും ഇടവകകളിലും ശ്ലൈഹികകൂട്ടായ്മകളിലും സന്യാസസമൂഹങ്ങളിലും എല്ലാ മേഖലകളിലും നിരന്തരമായ പ്രാർത്ഥനയോടെ ദൈവകരുതലിനായി സമർപ്പിക്കുക എന്നതാണ്. എല്ലാ ക്രൈസ്തവരും ദൈവവിശ്വാസത്തിൽ വളരുന്നതിന് നമ്മൾ പ്രാർത്ഥിക്കണം. രക്ഷാകര ദൗത്യത്തിൽ തന്നോടുചേർന്ന് സേവനം ചെയ്യുന്നതിന് പൂർണ്ണ

മായി നമ്മെത്തന്നെ വിട്ടുകൊടുക്കണമെന്ന് വിളവിന്റെ നാഥൻ നിരന്തരമായി ആവശ്യപ്പെടുന്നു. ബദ്ധശ്രദ്ധയും വിവേകം നിറഞ്ഞ ദീർഘദൃഷ്ടിയുമാണ് വിളിക്കപ്പെട്ടവരിൽ നിന്ന് ആവശ്യപ്പെടുന്നത്. ദൈവീക പദ്ധതിയോട് ഉദാരതയോടും പൂർണ്ണമനസ്സോടും കൂടിയുള്ള സഹകരണവും ശിഷ്യത്വവും അവിടുന്ന് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു. പൗരോഹിത്യ സന്യാസജീവിത യാഥാർത്ഥ്യങ്ങളെ കാറ്റിൽ പറത്താതെ സമർപ്പണമായി കാണുവാൻ നമുക്ക് കഴിയണം. ഉത്തരവാദിത്വത്തോടും ഉറച്ച ബോദ്ധ്യത്തോടും കൂടെ ഒരാൾ തന്റെ വിളിക്ക് പ്രത്യുത്തരം നൽകേണ്ടതാണ്.

കത്തോലിക്കാസഭയുടെ മതബോധനം നമ്മെ വസ്തുനിഷ്ഠമായി അനുസ്മരിപ്പിക്കുന്നത്, ദൈവത്തിന്റെ സ്വതന്ത്രമായ മുൻകൈയെടുക്കലിന് നമ്മുടെ സ്വതന്ത്രമായ പ്രത്യുത്തരം ആവശ്യമാണെന്നുള്ളതാണ്. നമ്മെക്കുറിച്ചുള്ള ദൈവിക പദ്ധതിയോട് നാം ക്രിയാത്മകമായി പ്രതികരിക്കുകയും താദാത്മ്യം പ്രാപിക്കുകയും വേണം. ദൈവത്തിന്റെ സ്നേഹപൂർണ്ണമായ കരുതലിനോടുള്ള പ്രത്യുത്തരമാണിത്. വിളിക്കപ്പെട്ടവർക്ക് ധാർമ്മികതയുടെ ആജ്ഞാഭാവമുള്ള ഒരു കടപ്പെടുത്തൽ അത് ഉൾക്കൊള്ളുന്നു. ഇത് ദൈവത്തിന് നല്കപ്പെടുന്ന അംഗീകാരവും ആദരവും കൃതജ്ഞതയുടെ ആരാധനയുമാണ്. ദൈവം ചരിത്രത്തിൽ തുടരുന്ന പദ്ധതിയോടുള്ള സഹകരണമാണിത്(കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 2062).

പരിശുദ്ധകുർബാനയുടെ രഹസ്യത്തെക്കുറിച്ച് നമുക്ക് അല്പനേരം ചിന്തിക്കാം. മാനവകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി പിതാവ് തന്റെ ഏകജാതനെത്തന്നെ അത്യുദാത്ത സമ്മാനമായി നൽകി. ദൈവഹിതത്തിന്റെ കാസയിൽ നിന്ന് അവസാനം വരെ കുടിക്കുന്നതിന് സമ്പൂർണ്ണവും വിധേയത്വത്തോടെയുമുള്ള ക്രിസ്തുവിന്റെ സന്നദ്ധത നമുക്കൊരു മാതൃക നല്കുന്നു. ദൈവിക മുൻകൈ എടുക്കലിലുള്ള വിശ്വാസവും മാനുഷിക പ്രത്യുത്തരത്തിന്റെ മൂല്യവുമാണത്. ലോകരക്ഷയ്ക്കുവേണ്ടി





യുള്ള ദൈവീകപദ്ധതിയുടെ സ്നേഹമസൃണമായ പൂർത്തീകരണമാണ് പരിശുദ്ധ കുർബാനയിൽ യേശു തന്നെതന്നെ സ്വതന്ത്രമായി വിട്ടുകൊടുക്കുന്നതിൽ പ്രകടമാകുന്നത്. എന്റെ മുൻഗാമി ജോൺ പോൾ രണ്ടാമൻ എഴുതിയിട്ടുണ്ട്: ‘‘തന്റെ നാഥനായ ക്രിസ്തുവിൽനിന്ന് സഭ സ്വീകരിച്ച സമ്മാനമാണ് പരിശുദ്ധ കുർബാന-മറ്റ് നിരവധിയായ സമ്മാനങ്ങൾക്കിടയിൽ അതിവിശിഷ്ടമായ സമ്മാനമാണിത്. തന്റേതന്നെയും തന്റെ പരിശുദ്ധമായ മനുഷ്യത്വത്തിന്റെയും രക്ഷാകര പ്രവൃത്തിയുടെയും സമ്മാനവുമാണിത്’’.(സഭയും വിശുദ്ധ കുർബാനയും)

നൂറ്റാണ്ടുകളിലൂടെ ദൈവത്തിന്റെ മഹത്വപൂർണ്ണമായ പുനരാഗമനം വരെ രക്ഷാകര രഹസ്യങ്ങൾ നിലനിർത്തുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ് പുരോഹിതർ. അവർ ദിവ്യകാരുണ്യനാഥനെ സൂഷ്മമായി ധ്യാനിക്കണം. ദൈവവിളി സംവാദത്തിന്റെ ശ്രേഷ്ഠമായ മാതൃക പിതാവിന്റെ സ്വതന്ത്രമായ മുൻകൈയെടുക്കലിലും ക്രിസ്തുവിന്റെ വിശ്വസ്തതയുള്ള പ്രത്യുത്തരത്തിലുമാണ് നാം കാണുന്നത്. വിശുദ്ധ കുർബാനയർപ്പണത്തിൽ താൻ തെരഞ്ഞെടുത്ത പുരോഹിതന്മാരിൽ ക്രിസ്തു തന്നെയാണ് പ്രവർത്തിക്കുന്നത്. ബലഹീനതകൾ ഏറ്റവും സൂഷ്മമായി അനുഭവപ്പെടുമ്പോൾപോലും ഭയാശങ്കകളെ ദൂരീകരിച്ചുകൊണ്ട് വിശ്വസ്തതയുടെയും നന്ദിയുടെയും വലിയൊരു പ്രത്യുത്തരം അവരിൽ വളർത്തുന്നതിന് ക്രിസ്തു അവരെ സഹായിക്കുന്നു(റോമ.8.26-28). തെറ്റിദ്ധാരണയുടെയും പീഡനത്തിന്റെയും അനുഭവങ്ങൾ കഠോരമാകുമ്പോഴും ക്രിസ്തു അവരെ താങ്ങുന്നു(റോമ: 8:35-39).

സ്നേഹത്താലാണ് തങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന അറിവ് ഓരോ വിശുദ്ധ കുർബാനയിലൂടെയും വിശ്വാസികളിൽ വിശിഷ്യാ പുരോഹിതന്മാരിൽ ക്രിസ്തു വളർത്തിയെടുക്കുന്നു. തന്റെ ജീവൻ നമുക്കായി നൽകിയ ക്രിസ്തുനാഥനിലുള്ള വിശ്വാസത്തിലധിഷ്ഠിതമായി ആത്മപരിത്യാഗം വളർത്താൻ ദിവ്യബലിക്കു കഴിയും. ദൈവത്തിൽ വിശ്വസിക്കുകയും അവിടുത്തെ

ദാനം സ്വീകരിക്കുകയും ചെയ്യുന്നതുവഴി പുരോഹിതൻ രക്ഷാകര പദ്ധതിയോട് ചേർന്ന് നിൽക്കുന്നു. അങ്ങനെ, വിളിക്കുന്ന നാഥന്റെ സ്നേഹവും, സ്നേഹത്തോടെ പ്രത്യുത്തരം നല്കുന്ന മർത്യന്റെ സ്വാതന്ത്ര്യവും തമ്മിൽ നിഗൂഢമായ ഒരു കൂടിക്കാഴ്ച നടക്കുന്നു. ''നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു'' (യോഹന്നാൻ. 15:16)എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ അവരുടെ ആത്മാവിൽ പ്രതിധ്വനിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വീക്ഷണത്തിൽ ദൈവീക മുൻകൈ എടുക്കലിനുള്ള മാനുഷികപ്രത്യുത്തരം സ്നേഹത്തിൽ കെട്ടുപിരിഞ്ഞ് കിടക്കുന്നത് സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളിയിൽ അത്ഭുതകരമായ രീതിയിൽ കാണാം. സുവിശേഷ ഉപദേശങ്ങളായ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നിവ ആധാരമാക്കിയിരിക്കുന്നത് ദിവ്യനാഥന്റെ വാക്കുകളിലും പ്രവൃത്തികളിലുമാണ്. അവ പിൽക്കാലത്ത് അപ്പസ്തോലന്മാരും സഭാപിതാക്കന്മാരും, സഭാപാരംഗതന്മാരും, ഇടയന്മാരും കല്പിച്ചിട്ടുള്ളതാണ്. സഭ തന്റെ നാഥനിൽനിന്ന് സ്വീകരിക്കുകയും അവിടുത്തെ കൃപയുടെ സഹായത്താൽ എപ്പോഴും സംരക്ഷിക്കുകയും ചെയ്യുന്ന ഉപദേശങ്ങൾ ദൈവത്തിന്റെ ദാനമാണ്(ജനതകളുടെ പ്രകാശം-43).

പിതാവിന്റെ തിരുഹിതത്തോട് പരിപൂർണ്ണതയോടെയും വിശ്വസ്തതയോടെയും വിധേയപ്പെടുന്ന യേശുവിന്റെ മാതൃകയിലേക്കാണ് എല്ലാ സമർപ്പിതരും ഉറ്റു നോക്കേണ്ടത്. ക്രിസ്തുമതത്തിന്റെ ആദ്യനൂറ്റാണ്ടുകൾ മുതൽ യേശുക്രിസ്തുവിനാൽ ആകർഷിക്കപ്പെട്ട നിരവധി സ്ത്രീപുരുഷന്മാർ വീട്, സമ്പത്ത്, ധനം തുടങ്ങി മനുഷ്യർ അഭികാമ്യമായി കരുതുന്നവയെല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിനെ അനുഗമിക്കുവാൻ തയ്യാറായി. വിശുദ്ധിയിൽ ആഴപ്പെടുകയും ചെയ്തു. സുവിശേഷപൂർണ്ണത അഭില





ഷിക്കുന്ന യാത്ര ഇന്നും പലരും നടത്തുകയും തങ്ങളുടെ ദൈവവിളി സുവിശേഷാനുസാരമായ ഉപദേശങ്ങളുടെ ദൗത്യമാണെന്ന് തിരിച്ചറിയുകയും ചെയ്തിരിക്കുന്നു. ധ്യാനനിരതമായ ആശ്രമങ്ങളിലും സന്യാസഭവനങ്ങളിലും പ്രേഷിതസമൂഹങ്ങളിലുമുള്ള നമ്മുടെ സഹോദരീ സഹോദരന്മാരുടെ സാക്ഷ്യം ദൈവജനത്തെ അനുസ്മരിപ്പിക്കുന്നു. ''ചരിത്രത്തിൽ പ്രവർത്തനനിരതമാണ് ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ, അതിന്റെ പരിപൂർണ്ണമായ സാക്ഷാത്ക്കാരം സ്വർഗ്ഗത്തിലാണ് നടക്കുന്നത്'' (സമർപ്പിത ജീവിതം -1)

പൗരോഹിത്യ ശുശ്രൂഷയിലേക്ക് തന്നെത്തന്നെ യോഗ്യനെന്ന് കരുതി സമീപിക്കുവാൻ ആർക്കു കഴിയും? തന്റെ മാനുഷിക ശക്തികളിൽ മാത്രം ആശ്രയിച്ചുകൊണ്ട് സമർപ്പിത ജീവിതം സ്വീകരിക്കുവാൻ ആർക്കാണു സാധിക്കുക? ദൈവമാണ് തന്റെ രക്ഷാകര പദ്ധതികൾക്ക് മുൻകൈ എടുക്കുന്നതും പൂർത്തിയാക്കുന്നതും. ദൈവവിളിയോടുള്ള സ്ത്രീ പുരുഷന്മാരുടെ പ്രതികരണം, ഭീരുവും സ്വാർത്ഥമോഹിയും വിലകെട്ടവനുമായ ഭൃത്യൻ ഭയം നിമിത്തം തന്നെ ഏല്പ്പിച്ച താലന്ത് മണ്ണിൽ ഒളിച്ചുവച്ചതിനോട് സമാനമല്ലായെന്ന് ആവർത്തിച്ചു പ്രസ്താവിക്കുന്നത് ഗുണകരമാണ് (മത്തായി 25:14-30). യേശുനാഥന്റെ വിളിയോട് വിധേയത്വം പുലർത്തികൊണ്ട് പെട്ടെന്ന് പ്രത്യുത്തരം നല്കിയ പത്രോസിന് സദൃശ്യരാണ് അവർ. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒരു മത്സ്യംപോലും കിട്ടാതിരുന്നിട്ടും നാഥന്റെ വാക്കുകളിൽ വിശ്വസിച്ചുകൊണ്ട് ഒരിക്കൽകൂടി പത്രോസ് കടലിലേക്ക് വലയിറക്കി(ലൂക്കാ:5:5). വ്യക്തിപരമായ ഉത്തരവാദിത്വം യതൊർത്ഥത്തിലും തിരസ്ക്കരിക്കാതെ ദൈവത്തോടുള്ള മനുഷ്യന്റെ സ്വതന്ത്രമായ പ്രത്യുത്തരം അങ്ങനെ സഹഉത്തരവാദിത്വമായി മാറി. ക്രിസ്തുവിലും, ക്രിസ്തുവിനോടൊത്തും, അവിടുത്തെ ആത്മാവിന്റെ പ്രവർത്തനത്തിലൂടെയുമുള്ള ഉത്തരവാദിത്വം ദൈവവുമായുള്ള സംസർഗ്ഗത്തിലൂടെ നമ്മെ കൂടുതൽ ഫലം പുറപ്പെടുവിക്കുവാൻ പ്രാപ്തരാക്കുന്നു(യോഹ.15:5).

ദൈവത്തിന്റെ മുൻകൈ എടുക്കലിൽ പൂർണ്ണമായി വിശ്വ

സിച്ചുകൊണ്ട് മനുഷ്യൻ പ്രതീകരിച്ചതിന്റെ പ്രതീകമാണ് നസ്രത്തിലെ കന്യകയുടെ വിനയാന്വിതവും നിർണ്ണായകവുമായ പ്രത്യുത്തരം. ദൈവത്തിന്റെ സന്ദേശവാഹകന് ലഭിച്ച വിധേയത്വമുള്ള ആമ്മേൻ എന്ന മറുപടി(ലൂക്ക. 1:38) അവളുടെ സമ്മതം അവളെ ദൈവത്തിന്റെയും രക്ഷകന്റേയും അമ്മയാക്കി. മറിയത്തിന് തന്റെ സമ്മതം പലവട്ടം ആവർത്തിക്കേണ്ടിവന്നു. യേശുക്രിസ്തുവിന്റെ കുരിശുമരണത്തിന്റെ നിമിഷത്തിൽ അവിടുത്തെ സമീപം നിന്നുകൊണ്ട് അവൾ തന്റെ നിഷ്കളങ്കനായ പുത്രന്റെ ഭയാനകമായ പീഢകളിൽ പങ്കുചേർന്നു. കുരിശിലെ മരണാസന്നവേളയിലാണ് യേശു മറിയത്തെ നമുക്ക് അമ്മയായും നമ്മെ അവൾക്ക് മക്കളായും നല്കിയത്(യോഹ.19.26-27). മറിയം പ്രത്യേകമായി വൈദികരുടെയും സമർപ്പിതരുടെയും അമ്മയാണ്. ദൈവത്തിന് പ്രത്യുത്തരം നല്കികൊണ്ട് പുരോഹിത ശുശ്രൂഷയുടെയും സമർപ്പിത ജീവിതത്തിന്റെയും വഴിയെ യാത്ര തിരിക്കുന്ന എല്ലാവരേയും ഞാൻ പരി. അമ്മയുടെ കരങ്ങളിൽ ഭരമേല്പിക്കുന്നു.

പ്രിയ സ്നേഹിതരേ, പ്രശ്നങ്ങളും സംശയങ്ങളും അഭിമുഖീകരിക്കുമ്പോൾ നഷ്ടധൈര്യരാകരുത്. ദൈവത്തിൽ വിശ്വസിക്കുക, യേശുവിനെ വിശ്വസ്തതയോടെ അനുഗമിക്കുക. അപ്പോൾ അവിടുന്നുമായുള്ള ഉറ്റബന്ധത്തിൽനിന്ന് ഒഴുകിയെത്തുന്ന സന്തോഷത്തിന്റെ സാക്ഷികളാകാൻ നിങ്ങൾക്ക് കഴിയും. എല്ലാ ജനതകളും ഭാഗ്യവതി എന്ന് പ്രകീർത്തിക്കുന്ന കന്യകാമറിയത്തെ അനുകരിച്ചുകൊണ്ട്, സ്വർഗ്ഗസ്ഥനായ പിതാവിന്റെ രക്ഷാകരപദ്ധതികൾ പൂർത്തീകരിക്കാൻ എല്ലാ ആത്മീയ ശക്തിയും ഉപയോഗിച്ച് നിങ്ങളെത്തന്നെ സമർപ്പിക്കുക. മഹത്തായ കാര്യങ്ങൾ ചെയ്യുന്ന ശക്തനായവനെ ആരാധിക്കാനും അവനിൽ ആശ്ചര്യപ്പെടാനും ഉള്ള കഴിവ് അവളെപ്പോലെ നിങ്ങളുടെ ഹൃദയത്തിലും പരിപോഷിപ്പിക്കുക. എന്തെന്നാൽ, അവിടുത്തെ നാമം പരിശുദ്ധമാണ്(ലൂക്കാ.1.49).

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ**

വത്തിക്കാൻ, റോം





## രൂപതക്കച്ചേരി

### C. 37/09 ആണ്ടുതിരട്ട്

2009 മാർച്ച് 31ന് അവസാനിച്ച സാമ്പത്തികവർഷത്തെ വാർഷിക കണക്ക് ഇനിയും ഏൽപ്പിക്കുവാനുള്ളവർ ജൂൺ 30-ന് മുൻപ് അത് രൂപത കച്ചേരിയിൽ ഏല്പ്പിക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം കച്ചേരിയിൽ സൂക്ഷിക്കുന്നതിനായി മാമ്മോദീസാ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളുടെ പകർപ്പുകൾ നിശ്ചിത ഫാറത്തിൽ രേഖപ്പെടുത്തി രൂപതാകച്ചേരിയിൽ ഏല്പ്പിക്കുമല്ലോ. ഭദ്രാസന ഫീസിനോടൊപ്പം എല്ലാ ഇടവകകളിൽ നിന്നും ബഹു. വൈദികരുടെ 13-ാം മാസത്തെ അലവൻസും രൂപതകച്ചേരിയിൽ ഏല്പ്പിക്കേണ്ടതാണ്. 13-ാംമാസ അലവൻസ് ഏല്പ്പിക്കേണ്ട തുക 3500 രൂപയാണ്.

### C. 38/09 രൂപതാ ഡിറക്ടറിയിലേക്കുള്ള വിവരങ്ങൾ

രൂപതാ ഡിറക്ടറിയിൽ ഏതെങ്കിലും തിരുത്തലുകളോ, അഡ്രസ്സുമാറ്റമോ, പുതിയ വിവരങ്ങളോ ചേർക്കാനുണ്ടെങ്കിൽ ബന്ധപ്പെട്ടവർ 2009 മെയ് 31-ാം തീയതിക്കകം വിവരം രൂപതാ ചാൻസലറെ അറിയിക്കേണ്ടതാണ്.

### C. 39/09 ദൈവവിളി ദിനം

2009 മെയ് 3-ാം തീയതി ഞായറാഴ്ച ആഗോള സഭ ദൈവവിളി ദിനമായി ആചരിക്കുന്നു. പൗരോഹിത്യത്തിലേക്കും സന്യാസ ജീവിതത്തിലേക്കും ധാരാളം ദൈവവിളികൾ ഉണ്ടാകുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതിനും ദൈവവിളിയെ പ്രോത്സാഹിപ്പിച്ച് പരിപോഷിപ്പിക്കുന്നതിനും അനുസൃതമായ പരിപാടികൾ ഓരോ ഇടവകയിലും ആവിഷ്ക്കരിക്കേണ്ടതാണ്. ദൈവവിളി പ്രോത്സാഹനത്തിൽ വിശ്വാസികൾക്കുള്ള കട

മയെപറ്റി അവരെ ഉദ്ബോധിപ്പിക്കേണ്ടതുമാണ്.

**C. 40/09 വൈദികവസ്ത്രസ്വീകരണം**

താഴെ പറയുന്ന വൈദികവിദ്യാർത്ഥികൾ റീജൻസി പൂർത്തിയാക്കി മെയ് 13-ാം തീയതി മാർ എപ്രേം മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നു.

1. അരയത്തിനാൽ മാത്യു
2. ഇടവഴിയ്ക്കൽ വർഗീസ്
3. ഐക്കര ഫിലിപ്പ്
4. കമുകുമറ്റം കുര്യൻ
5. കുഴികണ്ടത്തിൽ മാത്യു
6. മഠത്തിശ്ശേരിൽ സെബാസ്റ്റ്യൻ
7. പൊന്നമ്പേൽ മാത്യു
8. വെങ്ങാലൂർ മാത്യു

**C. 41/09 Presbyterium**

The Annual meeting of the Presbyterium of our diocese will be held on Tuesday 2nd June 2009 at Atmajyothy Adimaly from 10 a.m. to 4 p.m.

**C. 42/09 ക്രൈസ്തവ സമൂഹത്തെ ദോഷകരമായി ബാധിക്കുന്ന നിയമപരിഷ്ക്കരണ കമ്മീഷൻ നിർദ്ദേശങ്ങൾ**

2007 നവംബർ 17-ാം തീയതി കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഒരു നിയമ പരിഷ്ക്കരണ കമ്മീഷനെ (Law Re- forms Commission) നിയമിക്കുകയുണ്ടായി. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ കമ്മീഷനിലെ അംഗങ്ങൾ ജസ്റ്റിസ് സി.വി. രാമകൃഷ്ണൻ, ജസ്റ്റിസ് സി.എസ്. രാജൻ, അഡ്വ. ടി. പി. കേളു നമ്പ്യാർ, ശ്രീ. വർക്കല രാധാകൃഷ്ണൻ എം. പി., ഡോ. സെബാസ്റ്റ്യൻ പോൾ എം.പി., ഡോ. എൻ. കെ. ജയകുമാർ, ശ്രീ. പി. എസ്. ഗോപിനാഥൻ (നിയമ സെക്രട്ടറി) എന്നിവരായിരുന്നു. കേരള സമൂഹത്തിലെ വിവിധ മേഖലകളെ സ്പർശിക്കുന്ന 107 ബില്ലുകളുടെ കരടു രേഖ ആ കമ്മീഷൻ സർക്കാരിനു സമർപ്പിച്ചു. ഇവയിൽ 4 ബില്ലുകൾ കേരള ക്രൈസ്തവസമൂഹത്തെ വളരെ ദോഷ





കരമായി ബാധിക്കുന്നവയാണ്. അവ ഇന്ത്യൻ ശിക്ഷാ നിയമ സംഹിത (കേരള ) ഭേദഗതിബിൽ (The Indian Penal Code (Kerala) Amendment Bill ), കേരള ക്രിസ്തീയ വിവാഹ ബിൽ (The Kerala Christian Marriage Bill), കേരള ക്രൈസ്തവ സഭയുടെ വസ്തുക്കളും സ്ഥാപനങ്ങളും ഉൾപ്പെടുന്ന ട്രസ്റ്റ്ബിൽ (The Kerala Christian Church Properties and Institutions Trust Bill) എന്നിവയാണ്.

ഇവയെപ്പറ്റിയുള്ള ലഘുപഠനങ്ങൾ നിശ്ചിത എണ്ണം വീതം ഓരോ ഇടവകയിലും വിതരണം ചെയ്യുന്നതിനും, പഠിക്കുന്നതിനുമായി (100 എണ്ണം വീതം) തയ്യാറാക്കിയിട്ടുണ്ട്. കുടുതൽ കോപ്പികൾ ആവശ്യമുള്ളവർ രൂപതാ കേന്ദ്രത്തിൽ അറിയിക്കുമല്ലോ.

**C. 43/09 മൈനർ സെമിനാരിക്ക് ധനസഹായം നൽകിയവർ**

| | |
|---|---|
| ശ്രീ. തോമസ് ചൊവാലികുടിയിൽ, ചെത്തിമറ്റം | - 10,000.00 |
| ഡോ. ചാൾസ് കെ തോമസ് കൊട്ടുരത്തറ, തുടങ്ങനാട് | - 30,000.00 |
| ശ്രീ. തോമസ് തോട്ടിയിൽ രാജമുടി | - 30,000.00 |
| മിസ്സ്. കാതറൈൻ പി.എം. പെരുംകടപ്പിൽ അടിമാലി | - 10,000.00 |
| ശ്രീ. പൗലോസ് തോണക്കര വെള്ളയാംകുടി | - 10,000.00 |
| ബെനഫാക്ടർ, C/O ഫാ.ജോസഫ് പൂവത്തിങ്കൽ | - 15,000.00 |
| ഫാ. സക്കറിയാസ് പുതിയാപറമ്പിൽ പാവനാത്മ കോളേജ്, മുരിക്കാശ്ശേരി | - 17,000.00 |

**C.44/09 പൗരോഹിത്യ ആദ്ധ്യാത്മികത - ധ്യാന ചിന്തകൾ**

**(തിരുവചനഭാഗം. റോമാ 8:1 - 39)**

**മിശിഹായിൽ ആത്മീയ ജീവിതം**

**ഫാ. മാത്യു വെള്ളാനിക്കൽ**

മിശിഹായിലുള്ള വിശ്വാസത്തിലൂടെ നീതീകരിക്കപ്പെട്ട് രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നവർ മിശിഹായിൽ ആത്മീയ ജീവിതം നയിക്കുന്നവരാണ്. എന്നുവച്ചാൽ, ആത്മാവിലുള്ള

ജീവിതം എന്നാണ്. ദൈവത്തിന്റെ ആത്മാവിൽ - മിശിഹായുടെ ആത്മാവിൽ. ഈ ആത്മീയജീവിതത്തിന്റെ പ്രത്യേകതകൾ എന്താണെന്ന് ഈ ഭാഗത്ത് വി. പൗലോസ് വിശദീകരിക്കുന്നു.

**1. ആത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതം**

''ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്'' (റോമ 8:14).

ആത്മാവിനാൽ നയിക്കപ്പെടുക എന്നതിന്റെ അർത്ഥം അപ്പപ്പോൾ ഉണ്ടാകുന്ന പ്രചോദനങ്ങൾക്കനുസൃതമായി ജീവിതം ക്രമീകരിക്കുക എന്നതിൽ ഒതുക്കിനിർത്തുന്നത് ശരിയല്ല. ജീവിതം മുഴുവനേയും സ്പർശിക്കുന്ന, ജീവിതകാലം മുഴുവൻ നിണ്ടുനില്ക്കുന്ന ഒരു പ്രക്രിയയാണ് ഈ നയിക്കൽ. ഇതിന്റെ പശ്ചാത്തലം പഴയനിമത്തിൽ കാണുന്ന ഇസ്രായേലിന്റെ ചരിത്രമാണ്. ഈജിപ്തിലെ അടിമത്വത്തിൽ നിന്നും പുറത്തേയ്ക്കുവന്ന ഇസ്രായേൽ ജനതയെ ദൈവം മരുഭൂമിയിലൂടെ നടത്തി വാഗ്ദാനനാട്ടിലേയ്ക്കു നയിച്ചു. ''നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളെ എളിമപ്പെടുത്താനും, തന്റെ കല്പനകൾ അനുസരിക്കുമോ ഇല്ലയോ എന്നറിയാൻ നിങ്ങളെ പരീക്ഷിച്ച് നിങ്ങളുടെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കാനും വേണ്ടി ഈ നാല്പതു സംവത്സരം മരുഭൂമിയിലൂടെ നിങ്ങളെ നയിച്ച വഴിയെല്ലാം നിങ്ങൾ ഓർക്കണം'' (നിയമാ 8:2). ഇസ്രായേലിന്റെ ദൈവവുമായുള്ള പിതൃപുത്രബന്ധമാണ് ഈ നയിക്കലിന്റെ പിന്നിൽ പ്രവർത്തിച്ചത്. ഇസ്രയേലിനെ ഈജിപ്തിന്റെ അടിമത്വത്തിൽ നിന്നും ദൈവപുത്രർക്കടുത്ത സ്വാതന്ത്ര്യത്തിലേക്ക്, ദൈവപുത്രർക്കടുത്ത അവകാശത്തിലേക്ക്, വാഗ്ദാനാട്ടിലേക്ക് മരുഭൂമിയിലൂടെ നയിച്ച ദൈവത്തിന്റെ പ്രവർത്തനത്തിന്റെ വെളിച്ചത്തിൽവേണം ഈ നയിക്കലിനെ മനസ്സിലാക്കാൻ. മാമ്മോദീസായിലൂടെ പാപത്തിന്റെ അടിമത്വത്തിൽനിന്നും ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യത്തിലേക്ക് കടന്നുവന്ന നമ്മെ, ഈ ലോകമാകുന്ന മരുഭൂമിയിലൂടെ പിതൃഭവനമായ സ്വർഗ്ഗത്തിലേക്ക് നയിക്കുന്ന ദൈവത്തിന്റെ പ്രവർത്തനമാണ് ഇവിടെ അർത്ഥമാക്കുന്നത്.





ജഡികമായി ജീവിക്കാതെ ആത്മീയമായി ജീവിക്കാനുള്ള ഒരു ആഹ്വാനമാണ് ഇതിലൂടെ നല്കപ്പെടുന്നത്. ''ഇത് ശരീരത്തിന്റെ പ്രവണതകൾക്കനുസരിച്ച് ജീവിക്കാതെ, ആത്മാവിന്റെ പ്രചോദനമനുസരിച്ച് ജീവിക്കുന്ന നമ്മിൽ നിയമത്തിന്റെ അനുശാസനം സഫലമാക്കുന്നതിനുവേണ്ടിയാണ്'' (റോമ 8:4). ദൈവാത്മവിനാൽ നയിക്കപ്പെടുന്നതിനെപ്പറ്റി പറയുന്നതിന് മുൻമ്പുള്ള ഭാഗം ജഡികവും ആത്മീയവുമായ തലങ്ങൾ തമ്മിലുള്ള സംഘർഷത്തെപ്പറ്റിയാണ് പരാമർശിക്കുന്നത്. ജഡികകാര്യങ്ങളിൽ മനസ്സുവയ്ക്കാതെ ആത്മീയകാര്യങ്ങളിൽ മനസ്സുവയ്ക്കുക (റോമ8:5). ജഡികാഭിലാഷങ്ങൾ വെടിഞ്ഞ് ആത്മീയഭിലാഷങ്ങൾ പുലർത്തുക (റോമ 8:6), ജഡികതാത്പര്യങ്ങളിൽ മുഴുകാതെ ദൈവത്തിന്റെ നിയമത്തിന് കീഴ്പ്പെടുക (റോമ 8:7). ജഡികപ്രവണതകളനുസരിച്ച് ജീവിക്കാതെ ദൈവത്തിന്റെ ആത്മാവിന്റെ ഇംഗിതമനുസരിച്ച് ജീവിക്കുക (റോമ 8:8) തുടങ്ങയവയാണ് ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരുടെ ജീവിതശൈലി.

**2. ദൈവപുത്രർക്കടുത്തജീവിതം**

''നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്വത്തിന്റെ ആത്മാവിനെയല്ല, മറിച്ച് പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കന്നത്. ഈ ആത്മാവുമൂലമാണ് നാം ആബാ-പിതാവേ എന്നു വിളിക്കുന്നത്''(റോമ8:15).

രക്ഷയുടെ അനുഭവം എന്നു പറയുന്നത് ദൈവവുമായി ഒരു പിതൃപുത്ര ബന്ധത്തിലേക്കും അതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരുമായി ഒരു സാഹോദര്യബന്ധത്തിലേക്കും നാം പ്രവേശിക്കുന്ന അനുഭവമാണ്. ദൈവാത്മാവ് പുത്രസ്വീകാര്യത്തിന്റെ ആത്മാവാണ്. അതുകൊണ്ട് ദൈവത്തിന്റെ ആത്മാവ് നമ്മിൽ ദൈവവുമായി പിതൃപുത്രബന്ധവും മനുഷ്യരുമായി സാഹോദര്യബന്ധവും ഉളവാക്കുന്നു. ഈ ബന്ധം അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്നതാണ് വിശുദ്ധി അഥവാ രക്ഷ. മാമ്മോദീസാ

യിൽ നാം ഈ സ്വർഗ്ഗീയ കുടുംബത്തിലേക്ക് പ്രവേശിക്കപ്പെടുന്നെങ്കിൽ മറ്റ് കൂദാശകളിലൂടെ, പ്രത്യേകിച്ച് വി. കുർബാനയിലൂടെ, നാം ഈ ബന്ധത്തിൽ വളരുന്നു. ഈ അർത്ഥത്തിൽ സഭ ഒരു കുടുംബമാണ്. വി. കുർബാന ദൈവമക്കളുടെ കുടുംബാഘോഷമാണ്. ഈ ആഘോഷമാണ് ഈ കുടുംബ ബന്ധങ്ങൾ നവീകരിക്കാൻ അവസരമൊരുക്കുന്നതും അവ പ്രായോഗികമായി ജീവിക്കാൻ ശക്തിപകരുന്നതും.

ദൈവമക്കളുടെ ജീവിതം പ്രത്യാശയുടെ ജീവിതമാണ്. കാരണം, ദൈവമക്കളെന്നനിലയിൽ നമ്മുടെ അവകാശം സഹനങ്ങളാണ്; സഹനത്തിന്റെ അവസാന മഹത്വവും. ''നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിന്റെ അവകാശികളും മിശിഹായുടെ കൂട്ടവകാശികളും. എന്തെന്നാൽ അവനോടൊപ്പം ഒരിക്കൽ മഹത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടുകൂടെ നാം പീഢയനുഭവിക്കുന്നു''(റോമ.8:17). ദൈവമക്കളുടെ ജീവിതം സഹനത്തിന്റെ ജീവിതമാകുന്നത് പിതൃപുത്രബന്ധം ആത്മാർത്ഥമായി ജീവിക്കുന്നതുകൊണ്ടാണ്. ദൈവപിതാവിന്റെ ഹിതം പൂർത്തിയാക്കുന്ന ഒരു ജീവിതത്തിന്റെ സഹനമാണത്. ദൈവപുത്രനായ ഈശോയുടെ സഹനജീവിതം ഇതിന് ഉദാഹരണമാണ്. ഇതേപ്പറ്റി ഹെബ്രായർക്കുള്ള ലേഖനം പറയുന്നു. ''ആര് അനേകം പുത്രന്മാരെ മഹത്വത്തിലേക്കു നയിക്കുന്നുവോ, ആ രക്ഷയുടെ കർത്താവിനെ അവിടുന്ന് സഹനം വഴി പരിപൂർണ്ണനാക്കുക തികച്ചും ഉചിതമായിരുന്നു'' (ഹെബ്രാ.2:10).

**3. പ്രാർത്ഥനാജീവിതം**

''നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവു തന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു''(റോമ.8:26).

ദൈവവും മനുഷ്യനുമായുള്ള സംഭാഷണമാണ് പ്രാർത്ഥന. മനുഷ്യന് സ്വാഭാവികമായി ദൈവത്തെ കാണുവാനോ അറിയുവാനോ കഴിയാത്തതുകൊണ്ട് എങ്ങനെ പ്രാർത്ഥിക്കണമെന്ന് അറി





ഞ്ഞുകൂടാ. വിശ്വാസത്തിന്റെ വെളിച്ചത്തിൽ മാത്രമേ ദൈവവുമായി ബന്ധപ്പെടുവാൻ നമുക്ക് സാധിക്കുകയുള്ളൂ. വിശ്വാസം നമ്മിൽ ഉളവാക്കുന്നത് അരൂപിയാണ്. അതുകൊണ്ട് അരൂപിയാണ് നമ്മെ പ്രാർത്ഥിക്കുവാൻ പ്രാപ്തരാക്കുന്നത്. ദൈവത്തിന്റെ അരൂപിയോടുള്ള തുറവിയിൽ പ്രാർത്ഥിക്കുവാൻ നമുക്കു കഴിയണം. എങ്കിലേ വേണ്ടവിധം പ്രാർത്ഥിക്കുവാൻ നമുക്ക് സാധിക്കൂ.

ദൈവാരൂപിയോടുള്ള തുറവി ദൈവഹിതത്തോടുള്ള തുറവിയാണ്. ജീവിതത്തിൽ ദൈവഹിതം കണ്ടെത്തുവാനും അതിനനുസൃതമായി ജീവിതത്തെ ക്രമപ്പെടുത്തുവാനും നമ്മെ സഹായിക്കുന്ന ഒന്നായിരിക്കണം പ്രാർത്ഥന. പ്രാർത്ഥനയുടെ ലക്ഷ്യം തന്നെ ദൈവൈക്യമാണല്ലോ. രണ്ട് വ്യക്തികൾ തമ്മിലുള്ള ഐക്യത്തിന്റെ ഏറ്റം അടിസ്ഥാനപരമായ രൂപം മനസ്സിന്റെ ഐക്യമാണ്. ദൈവഹിതത്തോട് ഐക്യപ്പെട്ടു പ്രാർത്ഥിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. ''എന്തെന്നാൽ ആത്മാവ് ദൈവഹിതമനുസരിച്ചാണ് വിശുദ്ധർക്കു വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നത്''(റോമാ.8:27).

ഇന്ന് പ്രാർത്ഥനയിൽ ആഭിമുഖ്യഭ്രംശം സംഭവിക്കുന്നുണ്ട്. പ്രാർത്ഥനയിൽ ദൈവഹിതം തേടുന്നതിനുപകരം സ്വന്തം ഹിതം തേടുന്നതിനുള്ള ഒരു ഉപാധിയായി ദൈവത്തെ സമീപിക്കുന്ന സ്ഥിതിവിശേഷം കൂടുതലായി കാണപ്പെടുന്നുണ്ട്. പല പ്രാർത്ഥനാകേന്ദ്രങ്ങളിലും ആളുകൾ ഓടിക്കൂടുന്നത് സ്വന്തം കാര്യങ്ങൾ നേടിയെടുക്കുവാനുള്ള ബദ്ധപ്പാടിലാണ്. ഇത് ഈശോ പഠിപ്പിച്ച പ്രാർത്ഥനക്ക് കടകവിരുദ്ധമാണ്. ''നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലുമാകേണമേ'' എന്ന് പ്രാർത്ഥിക്കുവാനാണ് ഈശോ പഠിപ്പിച്ചത്. പ്രാർത്ഥനയോടു ബന്ധപ്പെടുത്തി ഇവിടെ പൗലോസ് ദൈവത്തിന്റെ പദ്ധതിക്കനുസൃതമായി വിളിക്കപ്പെട്ടവരാണ് നമ്മൾ എന്ന് അനുസ്മരിപ്പിക്കുന്നത് തികച്ചും അർത്ഥവത്താണ്. ''അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു

നമുക്കറിയാമല്ലോ'' (റോമാ.8:28). ദൈവത്തിന്റെ പദ്ധതിക്കനുസൃതമായി ജീവിക്കുവാൻ നമ്മെ സഹായിക്കുന്ന ഒരു പ്രാർത്ഥനാ ശൈലിയിലാണ് നാം പരിശീലിപ്പിക്കപ്പെടേണ്ടത്.

**4. ദൈവത്തിന്റെ പദ്ധതിക്കനുസൃതമായ ജീവിതം**

അവിടുന്ന് മുൻകൂട്ടിയറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു........ താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്ന് വിളിച്ചു. വിളിച്ചവരെ നീതീകരിച്ചു; നീതീകരിച്ചവരെ മഹത്വപ്പെടുത്തി(റോമാ.8:29-30).

ദൈവത്തിന്റെ പദ്ധതിക്കനുസൃതമായി ജീവിക്കുന്നതാണ് ആത്മീയജീവിതം. ആ പദ്ധതിയെന്താണെന്ന് ഇവിടെ വ്യക്തമായി പറയുന്നുണ്ട്. അഞ്ച് ഘട്ടങ്ങളായി പൂർത്തീകരിക്കപ്പെടുന്ന ഒരു പദ്ധതിയാണ് അത്. മുൻകൂട്ടി അറിഞ്ഞു; മുൻകൂട്ടി നിശ്ചയിച്ചു; വിളിച്ചു; നീതീകരിച്ചു; മഹത്വപ്പെടുത്തി. ആദ്യത്തെ രണ്ട് ഘട്ടങ്ങൾ നാം ജനിക്കുന്നതിനു മുമ്പേ സംഭവിച്ചു. ദൈവത്തിന്റെ മനസ്സിൽ നാം രൂപകല്പന ചെയ്യപ്പെട്ടു. തന്റെ പുത്രന്റെ രൂപവും ഭാവവും നമ്മിൽ പകർത്തുവാൻ ദൈവം നിശ്ചയിച്ചു. സമയത്തിന്റെ പൂർണ്ണതയിൽ നമ്മെ ദൈവം അസ്തിത്വത്തിലേക്ക് വിളിച്ചു. അതേ തുടർന്ന് മാമ്മോദിസായിലൂടെ നമ്മെ നീതീകരിച്ചു അഥവാ വിശുദ്ധീകരിച്ചു. മാമ്മോദീസായിൽ ആരംഭിച്ച വിശുദ്ധീകരണം മറ്റ് കൂദാശകളിലൂടെ, വി. കുർബാനയിലൂടെ ദൈവം തുടരുകയാണ്. ഓരോ കുർബാനയിലും തന്റെ പുത്രന്റെ ശരീരരക്തങ്ങൾ ഭക്ഷണവും പാനീയവുമായി നല്കി, പുത്രസ്വീകാര്യത്തിന്റെ അരൂപിയാൽ നമ്മെ ദൈവം വളർത്തുകയാണ്. തന്റെ പുത്രന്റെ സാദൃശ്യത്തോട് നമ്മെ കൂടുതൽ അനുരൂപപ്പെടുത്തുകയാണ്. ദൈവത്തിന്റെ ഈ പ്രവർത്തനത്തോട് സഹകരിച്ചുകൊണ്ട് ദൈവപുത്രത്വത്തിന് അനുയോജ്യമായ ജീവിതം നയിക്കുവാൻ നമുക്കു കഴിയണം. അങ്ങനെ ജീവിക്കുവാൻ നമ്മുടെ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

പ്രായോഗിക തലത്തിൽ ഈ വിശുദ്ധീകരണം നടക്കുന്നത് നമ്മുടെ ജീവിതാനുഭവങ്ങളിലൂടെയാണ്. ജീവിതാനുഭവങ്ങളിൽ ദൈവഹിതം തിരിച്ചറിയുവാനും ആ ഹിതത്തിനനുസൃതമായി ജീവി





താനുഭവങ്ങളെ ഉൾക്കൊള്ളുവാനും നാം പരിശ്രമിക്കണം. അപ്പോൾ ജീവിതാനുഭവങ്ങൾ നമുക്ക് ദൈവാനുഭവങ്ങളായി മാറും. അവയിലൂടെ നാം ഉപരിയുപരി വിശുദ്ധീകരിക്കപ്പെടും. ഇങ്ങനെ ദൈവപുത്രനായ മിശിഹായുടെ ആത്മാവിലും ചൈതന്യത്തിലും വിശുദ്ധ ജീവിതം നയിച്ചാൽ അവിടുത്തെ മഹത്വത്തിൽ പങ്കു ചേരാൻ നമുക്ക് സാധിക്കും. ഇങ്ങനെ ദൈവത്തിന്റെ പദ്ധതിക്കനുസൃതമായി ജീവിക്കുന്നതാണ് ആത്മീയ ജീവിതമെന്ന് നാം ജനങ്ങളെ പഠിപ്പിക്കുകയും അങ്ങനെ ജീവിക്കുവാൻ അവരെ പരിശീലിപ്പിക്കുകയും ചെയ്യണം.

**5. വേർപ്പെടുത്താനാവാത്ത സ്നേഹബന്ധം.**

''മിശിഹായുടെ സ്നേഹത്തിൽ നിന്ന് ആർ നമ്മെ വേർപ്പെടുത്തും?''(റോമ.8:35).

മിശിഹായുമായും മിശിഹായിലൂടെ ദൈവവുമായും വേർപ്പെടുത്താനാവാത്ത ഒരു സ്നേഹബന്ധം ഉൾക്കൊള്ളുന്നതാണ് മിശിഹായിലുള്ള ആത്മീയജീവിതം. ഈ സ്നേഹബന്ധം എല്ലാകഷ്ടതകളേയും ബുദ്ധിമുട്ടുകളേയും അതിജീവിക്കുന്ന ഒന്നാണ്. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. ''നിന്നെപ്രതി ഞങ്ങൾ ദിവസം മുഴുവൻ വധിക്കപ്പെടുന്നു. കൊലയ്ക്കുള്ള ആടുകളേപ്പോലെ കരുതപ്പെടുകയും ചെയ്യുന്നു. നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇവയിലെല്ലാം നാം പൂർണ്ണ വിജയം വരിക്കുന്നു''(റോമാ.8:36-37). മനുഷ്യജീവിതത്തിൽ സ്നേഹബന്ധത്തിന്റെ ശക്തിയും സ്വാധീനവും വലുതാണ്. ഏതു പ്രതിബന്ധങ്ങളേയും തരണം ചെയ്യുവാനുള്ള കഴിവ് സ്നേഹബന്ധത്തിനുണ്ട്. അതുപോലെയുള്ള ഒരു സ്നേഹബന്ധമാണ് ഒരു ക്രൈസ്തവനിൽ, അഥവാ ഒരു സമർപ്പിതനിൽ രൂപം കൊള്ളുന്നത്. ഈ സ്നേഹബന്ധം മിശിഹായോടും മിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട പിതാവായ ദൈവത്തോടുമാണ്. മിശിഹായിലുള്ള നമ്മുടെ വിശ്വാസം ഇതുപോലെയുള്ള ഒരു സ്നേഹബന്ധമായിട്ട് വളരണം. ഈ സ്നേഹബന്ധത്തിൽ നിന്നും ഉരുത്തിരിയുന്നതാണ് ക്രൈസ്തവ ആദ്ധ്യാത്മികതയുടെ മുഖമുദ്രയായ സഹോദരസ്നേഹം. മിശിഹായിലുള്ള വിശ്വാസം ഇങ്ങനെയുള്ള ഒരു സ്നേഹബന്ധമായി വളരണമെങ്കിൽ നാം ദൈവത്തിന് നമ്മോടുള്ള സ്നേഹ

ത്തിൽ വിശ്വസിക്കണം. മിശിഹായിൽ വിശ്വസിക്കുന്നവർ അവശ്യം ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തിൽ വിശ്വസിക്കണം. കാരണം മിശിഹായെ നമുക്ക് ലഭിച്ചത് ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹം മൂലമാണ്. ''എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യ ജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു''(യോഹ.3:16). മിശിഹായിലൂടെയാണ് ഈ ദൈവ സ്നേഹം നാം അറിയുന്നതും അനുഭവിക്കുന്നതും. ദൈവം അദൃശ്യനായതുകൊണ്ട് ദൈവത്തിന്റെ സ്നേഹം മനുഷ്യന് അറിയുവാൻ സാധ്യമായത് മിശിഹായിൽ ആ സ്നേഹം ലോകത്തിന് വെളിപ്പെട്ടതുകൊണ്ടാണ്. ഈശോയുടെ അത്ഭുങ്ങളും, ജീവിതവും മരണവും എല്ലാം ഈ ദൈവ സ്നേഹത്തിന്റെ വെളിപ്പെടുത്തലുകളായിരുന്നു. ഈശോ തന്റെ ജീവൻ തന്നെ ത്യജിച്ച് ഈ സ്നേഹം മനുഷ്യന് വെളിപ്പെടുത്തി. അതുകൊണ്ടാണ് മിശിഹായിലൂടെയുള്ള ദൈവസ്നേഹമെന്ന് വി. പൗലോസ് വിശേഷിപ്പിക്കുന്നത്. ''എന്തെന്നാൽ മരണത്തിനോ ജീവനോ... നമ്മുടെ കർത്താവായ ഈശോ മിശിഹായിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്നും നമ്മെ വേർപ്പെടുത്താൻ കഴിയുകയില്ലെന്ന് എനിക്കുറപ്പുണ്ട്''(റോമ.8:38-39).

**ജീവിത സൂചിക**

1. ജഡികതയെ ജയിച്ച് ആത്മീയമായി ജീവിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?. എത്രമാത്രം വിജയിക്കുന്നു?.
2. ദൈവമക്കൾക്കടുത്ത പിതൃബന്ധവും സാഹോദര്യ സ്നേഹവും പ്രത്യാശയും എന്റെ ജീവിതത്തെ എങ്ങനെ രൂപപ്പെടുത്തുന്നു.?
3. ജീവിതത്തിൽ ദൈവഹിതം കണ്ടെത്തി ദൈവഹിതാനുസാരം ജീവിക്കുവാൻ സഹായകരമായ ഒരു പ്രാർത്ഥനാ ശൈലിയാണോ എന്റേത്.?
4. ദൈവത്തിന്റെ പദ്ധതി പ്രകാരമുള്ള വിശുദ്ധീകരണം ജീവിക്കുവാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്.?
5. മിശിഹായോടും മിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തോടുമുള്ള വേർപ്പെടുത്താനാവാത്ത സ്നേഹബന്ധമായി എന്റെ വിശ്വാസം വളർന്നിട്ടുണ്ടോ.?





## ക്രിസ്തുജ്യോതി വിശ്വാസപരിശീലനകേന്ദ്രം

### CJ 24/09 **പുതിയ അദ്ധ്യയന വർഷാരംഭം**

നമ്മുടെ രൂപതയിൽ 2009-2010 സൺഡേസ്കൂൾ അദ്ധ്യയന വർഷം മെയ് 31-ാം തീയതി ആരംഭിക്കുന്നു. പ്രവർത്തനവർഷം ആരംഭിക്കുന്നതിനു മുന്നോടിയായി 24/05/2009 ൽ ബഹു. വികാരിയച്ചനും അദ്ധ്യാപകരും സൺഡേസ്കൂൾ പി. ടി. എ പ്രതിനിധികളും ഒന്നിച്ചുകൂടി മുൻവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയവർഷത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വേണം.

മെയ് 31-ാം തീയതി വി. കുർബാന മദ്ധ്യേ ബഹു. വികാരിയച്ചൻ വിശ്വാസപരിശീലനത്തെപ്പറ്റി ഇടവകാംഗങ്ങളെ ഉദ്ബോധിപ്പിക്കേണ്ടതാണ്. കുട്ടികൾക്കുള്ള വി. കുർബാനയിൽ അവരുടെ മാതാപിതാക്കൾ കൂടി പങ്കെടുക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്. പുതിയ വിശ്വാസപരിശീലന വർഷം ബൈബിൾ പ്രതിഷ്ഠ, വിശ്വാസ പ്രഘോഷണ റാലി എന്നിവയോടെ വേണം ആരംഭിക്കുവാൻ വി. കുർബാനയിൽ അദ്ധ്യാപക പ്രതിനിധികൾ, കുട്ടികളുടെ പ്രതിനിധികൾ, പി. ടി.എ പ്രതിനിധികൾ എന്നിവർ കാഴ്ച സമർപ്പണം നടത്തുന്നതും പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുക്കേണ്ടതുമാണ്. കുട്ടികളും അവരുടെ മാതാപിതാക്കളും വി. കുർബാന സ്വീകരിക്കുന്നത് അഭിലഷണീയമാണ്. വി. കുർബാനയ്ക്ക് വരുമ്പോൾ കുട്ടികളെല്ലാവരും പൂക്കൾ, തിരികൾ എന്നിവ കൊണ്ടുവരുന്നതും ഉചിതമാണ്. വിശുദ്ധ കുർബാനയ്ക്കു ശേഷം അദ്ധ്യാപകരും കുട്ടികളും അവരുടെ മാതാപിതാക്കളും പൊതുവായി സമ്മേളിക്കുകയും പ്രതിജ്ഞ എടുക്കു

കയും ദീപം തെളിക്കുകയും ചെയ്ത് പുതിയ വർഷത്തിനു തുടക്കം കുറിക്കേണ്ടതാണ്. ഹ്രസ്വമായ പൊതു സമ്മേളനത്തിനുശേഷം കുട്ടികളുടെ ക്ലാസ്സ് പ്രൊമോഷൻ നടത്താവുന്നതാണ്.

**CJ 25/09 സുവിശേഷോത്സവ് 2009**

നമ്മുടെ രൂപതയിലെ സൺഡേസ്കൂളുകളിൽ ഏപ്രിൽ മാസത്തിൽ നടത്തപ്പെട്ട സുവിശേഷോത്സവ് 2009 വിജയകരമാക്കുവാൻ പരിശ്രമിച്ച ബഹു. വികാരിമാർ, മതാദ്ധ്യാപകർ, പി. ടി. എ പ്രതിനിധികൾ, പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവർക്ക് ഹൃദ്യമായ അഭിനന്ദനങ്ങൾ.

**CJ 26/09 എസ്.എസ്.സി, എച്ച്.സി.സി റിസൽട്ട്**

എസ്.എസ്.സി, എച്ച്.സി.സി (10,12) ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടെ റിസൽട്ട് ഇനിയും സർട്ടിഫിക്കറ്റിൽ പതിപ്പിച്ചു വാങ്ങിയിട്ടില്ലാത്ത ഇടവകകൾ 2009 മെയ് മാസം 23-ാം തീയതിക്കു മുൻപായി അവ ക്രിസ്തുജ്യോതി ഓഫീസിൽ നിന്നും പതിപ്പിച്ചു വാങ്ങേണ്ടതാണ്. പുസ്തക വിതരണത്തിനു മുമ്പായി സർട്ടിഫിക്കറ്റുകൾ നിർബന്ധമായും കൈപ്പറ്റിയിരിക്കണം.

**CJ 27/09 പുസ്തകവിതരണം.**

2009-2010 പ്രവർത്തന വർഷത്തെ സൺഡേ സ്കൂൾ, റഗുലർ സ്കൂൾ ക്ലാസ്സുകളിലെ പുസ്തകങ്ങൾ (വേദപാഠം, സൻമാർഗ്ഗം) ക്രിസ്തുജ്യോതി ഓഫീസിൽ നിന്നും 25.05.2009 മുതൽ വാങ്ങാവുന്നതാണ്. പുസ്തകങ്ങൾ വാങ്ങുമ്പോൾതന്നെ മുഴുവൻ തുകയും തരേണ്ടതാണ്. യാതൊരു കാരണത്താലും വിറ്റപുസ്തകങ്ങൾ തിരികെ എടുക്കുകയോ കടമായി തരികയോ ചെയ്യുന്നതല്ല. പുസ്തകങ്ങൾക്ക് 2009 ജൂൺ മാസം 30-ാം തീയതിവരെ മാത്രമേ കമ്മീഷൻ വ്യവസ്ഥ ഉണ്ടായിരിക്കുകയുള്ളു. പുസ്തകവിതരണം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ മാത്രമായിരിക്കും.

**CJ 28/09 സൺഡേ സ്കൂൾ കൺവൻഷൻ**

നമ്മുടെ രൂപതയിലെ സൺഡേ സ്കൂളുകളുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും പുതിയ അദ്ധ്യയന





വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനും വേണ്ടി എല്ലാ പ്രധാനാദ്ധ്യാപകരുടെയും സ്റ്റാഫ് സെക്രട്ടറിമാരുടെയും സുവിശേഷോത്സവ് ആനിമേറ്റേഴ്സിന്റെയും യോഗം സംഘടിപ്പിക്കുന്നു. പ്രസ്തുത യോഗത്തിലേക്ക് നിർബന്ധമായും ഇവരെ പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**തീയതി: 2009 മെയ് 30 ശനിയാഴ്ച**

**സമയം: 9.30 a.m മുതൽ 4.30 p.m വരെ**

**സ്ഥലം: സെന്റ് ജോർജ്ജ് എച്ച്.എസ്.എസ് വാഴത്തോപ്പ്**

**രജി. ഫീ. 30/-രൂപ**

**CJ 29/09 പ്രഥമാദ്ധ്യാപകർ**

സൺഡേ സ്കൂൾ പ്രഥമാദ്ധ്യപകന്റെ സേവനം കൂടുതൽ കാര്യക്ഷമമാക്കുവാൻ അദ്ദേഹത്തിന്റെ നിയമന കാലാവധി 5 വർഷമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ബഹു. വികാരിയച്ചനും അദ്ധ്യാപകർക്കും സമ്മതനായ വ്യക്തിക്ക് 3 വർഷംകൂടി നല്കാവുന്നതാണ്. തുടർന്ന് മറ്റൊരദ്ധ്യാപകൻ നിശ്ചിത കാലാവധിപൂർത്തിയാക്കിയ ശേഷമേ അദ്ദേഹത്തിന് വീണ്ടും പ്രധാനാദ്ധ്യാപകൻ ആകാനാവൂ. കാലാവധി പൂർത്തിയാക്കാതെ ഒരു വ്യക്തിയെ തൽ സ്ഥാനത്തു നിന്ന് ഗുരുതരമായ കാരണങ്ങളാൽ ബഹു. വികാരിയച്ചന് മാറ്റാവുന്നതാണ്. പ്രഥമാദ്ധ്യാപകന്റെ പേരും മേൽവിലാസവും ഫോൺ നമ്പരുണ്ടെങ്കിൽ അതും രൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. പ്രഥമാദ്ധ്യാപകന്റെ നിയമനം / ചുമതലകൾ എന്നിവയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾക്ക് വിശ്വാസപരിശീലന നിബന്ധനകൾ പേജ് 1,2,3 കാണുക.

**CJ 30/09 ഹയർ കോഴ്സ് (H.C.C) പരീക്ഷാഫലം**

2009 ഫെബ്രുവരി 8-ാം തീയതി നടത്തിയ ഹയർ കോഴ്സ് വാർഷിക പരീക്ഷയിൽ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും, പ്രത്യേകമായി റാങ്കു ജേതാക്കൾക്കും എല്ലാവിധ അഭിന്ദനങ്ങളും പ്രാർത്ഥനകളും .

**റാങ്കു ജേതാക്കൾ:-**

1-ാം റാങ്ക്:- ജോസ്മി ആന്റണി കൊച്ചച്ചേരിൽ (രജി. നമ്പർ 2699)
സെന്റ് ജോൺ മരിയ വിയാനി സൺഡേ സ്കൂൾ പണിക്കൻകുടി.

2-ാം റാങ്ക്:- റെനി മാത്യു കണ്ണയ്ക്കത്തടത്തിൽ (രജി. നമ്പർ. 2295)
ലൂർദ്ദ്മാതാ സൺഡേ സ്കൂൾ കാഞ്ചിയാർ.

3-ാം റാങ്ക്:- ലിജോ ഫ്രാൻസീസ് പൊറ്റയിൽ (രജി. നമ്പർ. 2508)
സെന്റ് മരിയാ ഗൊരേത്തി സൺഡേ സ്കൂൾ മുരിയ്ക്കുംതൊട്ടി.

## CJ 31/09 **നിയമ പരിഷ്ക്കരണ ശിപാർശകൾക്കെതിരെ രണ്ടു ലക്ഷം പേർ ഒപ്പിട്ട നിവേദനം.**

നിയമ പരിഷ്ക്കരണ കമ്മീഷന്റെ വിവാദ ശിപാർശകൾക്കെതിരെ മുഖ്യമന്ത്രി വി. എസ് അച്ച്യുതാനന്ദന് രണ്ടു ലക്ഷം പേർ ഒപ്പിട്ട നിവേദനം 2009 ഏപ്രിൽ 13-ാം തീയതി സമർപ്പിച്ചു. കാഞ്ഞിരപ്പള്ളി, ഇടുക്കി രൂപതകളിലെ മതബോധന കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ യുവജനങ്ങളും വിദ്യാർത്ഥികളും ഒന്നു ചേർന്നാണ് അവധിക്കാല വിശ്വാസ പരിശീലനത്തിന്റെ ഭാഗമായ ഒപ്പു ശേഖരണം നടത്തിയത്.

ദയാവധം നിയമവിധേയമാക്കുക, ആത്മഹത്യ നിയമാനുസൃതമാക്കുക, കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തുകയും ഗർഭഛിദ്രം നിയമവിധേയമാക്കുകയും ചെയ്യുക തുടങ്ങിയ ശിപാർശകൾക്കെതിരെയാണ് മുഖ്യമന്ത്രിക്ക് നിവേദനം നല്കിയത്. ഈ ശിപാർശകൾ മനുഷ്യജീവന്റെ മേലുള്ള കടന്നുകയറ്റവും ജീവൻ സംരക്ഷിക്കാൻ കടപ്പെട്ടവർ ഘാതകരാകുന്ന അവസ്ഥയ്ക്കും കാരണമാകും.

കാഞ്ഞിരപ്പള്ളി രൂപതാ മതബോധനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജോസ് പുളിക്കൽ, ഇടുക്കി രൂപതാ മതബോധന കേന്ദ്രം ഡയറക്ടർ റവ. ഡോ. ജോൺ നെല്ലിക്കുന്നേൽ, ശ്രീ ജോസഫ് കുര്യൻ ഏറമ്പടം, ശ്രീ. ചുമ്മാർ മാത്യു തുണ്ടത്തിൽ, ശ്രീമതി. കൊച്ചുറാണി കടവിൽ, മാസ്റ്റർ ഫ്രാൻസീസ് ദേവദാസ്, കുമാരി. ഫെഡി ബേബി കൊടക്കല്ലിൽ എന്നിവർ ചേർന്നാണ് നിവേദനം നല്കിയത്.

സുവിശേഷോത്സവ് 2009 നോടനുബന്ധിച്ചു നടന്ന ഒപ്പു ശേഖരണം നടത്തുവാൻ നേതൃത്വം നല്കിയ ബഹു. വികാരിയച്ച





ന്മാർക്കും, സന്യസ്തർക്കും, മതാദ്ധ്യാപകർക്കും, സംഘടനാ ഭാരവാഹികൾക്കും, സൺഡേ സ്കൂൾ കുട്ടികൾക്കും ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

## CJ 25/09 **2009 ഏപ്രിൽ 7-ാം തീയതി നടത്തിയ സൺഡേ സ്കൂൾ മത്സര പരീക്ഷയിൽ ആദ്യത്തെ അഞ്ചു റാങ്കുകൾ കരസ്ഥമാക്കിയവർ.**

### Std X

I. സെറീന സണ്ണി ഓവേലിൽ, സെന്റ് തോമസ് സൺഡേസ്കൂൾ ഇരട്ടയാർ
II. സിനു തോമസ്, സെന്റ് തോമസ് സൺഡേ സ്കൂൾ ഇരട്ടയാർ
III. അമൽ ചിത്ര സ്റ്റാൻലി മാക്കിത്തടത്തിൽ സെന്റ് മേരീസ് സൺഡേ സ്കൂൾ കഞ്ഞിക്കുഴി.
IV. ഡോണ മരിയ കൊച്ചുപുരയ്ക്കൽ, സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂൾ ചെമ്മണ്ണാർ
” അലീന സോജൻ, സെന്റ് തോമസ് സൺഡേ സ്കൂൾ ഇരട്ടയാർ
” പോൾ ജോസഫ് കള്ളിയാടിക്കൽ, ഫാത്തിമാമാതാ സൺഡേ സ്കൂൾ കൂമ്പൻപാറ
V അനു ഫ്രാൻസീസ്, സെന്റ് മേരീസ് സൺഡേ സ്കൂൾ കഞ്ഞിക്കുഴി
” അനിറ്റാ മേരി ജോർജ്ജ് മുളങ്ങാശ്ശേരിൽ, സെന്റ് മരിയാ ഗൊരേത്തി സൺഡേ സ്കൂൾ തോപ്രാംകുടി
” ഗ്രീഷ്മ ആയിലുമാക്കൽ, ലൂർദ്ദ്മാതാ സൺഡേ സ്കൂൾ കാഞ്ചിയാർ
ചിഞ്ചു വി.ജോയി വെട്ടിക്കുഴയിൽ, വിജയമാതാ സൺഡേ സ്കൂൾ ഈട്ടിത്തോപ്പ്

### Std.IX

I. അമല കെ. ജോയി കടവിൽ, സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ നെടുങ്കണ്ടം
II. റോണീസ് സണ്ണി കൂനംപാറയിൽ,ഫാത്തിമാ മാതാ സൺഡേസ്കൂൾ കൂമ്പൻപാറ.
III. അലക്സി മാത്യു വെട്ടിയാങ്കൽ, ഇൻഫന്റ് ജീസസ് സൺഡേ സ്കൂൾ തൊവരയാർ
VI. അൻസു മരിയ അഗസ്റ്റ്യൻ കുരിയലുപുഴ, ഇൻഫന്റ് ജീസസ് സൺഡേ സ്കൂൾ തൊവരയാർ
” ചിഞ്ചു ആപ്പാൻചിറ, സെന്റ് ജോൺ മരിയവിയാനി സൺഡേസ്കൂൾ പണിക്കൻകുടി
” അപർണ്ണ അഗസ്റ്റ്യൻ മാനത്തൂർ, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ കല്ലാർകുട്ടി.
” ആഷ്‌ലി അഗസ്റ്റ്യൻ കിഴക്കേപ്പറമ്പിൽ, സെന്റ്സേവ്യേഴ്സ് സൺഡേ സ്കൂൾ ചെമ്മണ്ണാർ
V. അനില പീറ്റർ പോത്താനിക്കാട്ട്, സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ പാലാർ.

### Std.VIII

I. സ്റ്റെഫി ജോസ് വേലംപറമ്പിൽ, ഇൻഫന്റ് ജീസസ് സൺഡേ സ്കൂൾ തൊവരയാർ

II. ബോല ബേബി കൊടക്കല്ലിൽ, സെന്റ് മേരീസ് സൺഡേ സ്കൂൾ കരിമ്പൻ

III. അൻസു ടോമി കൊറ്റത്തിൽ, ഇൻഫന്റ് ജീസസ് സൺഡേ സ്കൂൾ തൊവരയാർ

IV. അച്ചു എലിസബത്ത് ജോയി വലിയപടിഞ്ഞാറയിൽ, ഇൻഫന്റ് ജീസസ് സൺഡേ സ്കൂൾ തൊവരയാർ.

" അലീന എലിസബത്ത് സാബു നെല്ലിക്കുന്നേൽ, സെന്റ് മേരീസ് സൺഡേ സ്കൂൾ മരിയാപുരം.

" രേഷ്മാ ജോസഫ് മംഗലത്തുകരോട്ട്, ദേവമാതാ സൺഡേ സ്കൂൾ രാജകുമാരി.

V. രേണുക രാജ് വള്ളപ്പുരയ്ക്കൽ, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ പച്ചടി.

" സെഫി കോയിക്കകുടിയിൽ, സെന്റ് മേരീസ് സൺഡേ സ്കൂൾ മേരീലാന്റ്

" നീതാ ജോർജ്ജ് കണ്ടത്തിൻകരയിൽ, വേളാങ്കണ്ണിമാതാ സൺഡേ സ്കൂൾ മൈലാടുംപാറ

" ഡെല്ലാ മരിയ ജോസഫ് പേണ്ടാനത്ത്, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ കല്ലാർകുട്ടി

## Std VII.

I. ജോയ്സിമോൾ മാത്യു കൊച്ചാനിച്ചോട്ടിൽ, സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ കാന്തിപ്പാറ

II. ആൻസ് മരിയ സണ്ണി കൊച്ചുപറമ്പിൽ, സെന്റ് തോമസ് സൺഡേ സ്കൂൾ ആയിരമേക്കർ

III. മീനു ബേബി തുരുത്തേൽ, സെന്റ് ഫ്രാൻസീസ് അസ്സീസി സൺഡേ സ്കൂൾ മച്ചിപ്ലാവ്.

IV. ആഞ്ചല സെബാസ്റ്റ്യൻ, കല്ലൂർ, സെന്റ് തോമസ് സൺഡേ സ്കൂൾ ആയിരമേക്കർ

" റോഷ്നി സജി, കാരിവേലിൽ, സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ വെള്ളയാംകുടി

" അലക്സ് ജെ. കുന്നേൽ, ഫാത്തിമാമാതാ സൺഡേ സ്കൂൾ കൂമ്പൻപാറ

V. ലിൻസ് ജോസ് കാഞ്ഞിരത്തിങ്കൽ, ദേവമാതാ സൺഡേ സ്കൂൾ രാജകുമാരി.

" ജ്യോതിസ് മരിയ ഫിലിപ്പ്, സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ നെടുങ്കണ്ടം

" എമിൽഡ ബാബു പുളിക്കൽ, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ പനംകുട്ടി.

" ജോമിയ ജോജി തലവയലിൽ സെന്റ് തോമസ് സൺഡേ സ്കൂൾ ചുരുളി.

## Std.VI.

I. ദീപക് ജോൺ അമ്പാട്ട്, ഇൻഫന്റ് ജീസസ് സൺഡേ സ്കൂൾ തൊവരയാർ

II. റീമാ ജോസഫ് മംഗലത്തുകരോട്ട്, ദേവമാതാ സൺഡേ സ്കൂൾ രാജകുമാരി.

III. ജെറിൻ ജോസ് മണിയാക്കുംപാറ, സെന്റ് തോമസ് സൺഡേ സ്കൂൾ ആയിരമേക്കർ.

IV. അനഘ കെ. ജോയി കടവിൽ, സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ നെടുങ്കണ്ടം.

" നവ്യ ജോഷി വട്ടക്കുന്നേൽ, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ ഉപ്പുതോട്.

" എൽസാ ബേബി തുരുത്തേൽ, സെന്റ് ഫ്രാൻസീസ് അസ്സീസി സൺഡേ സ്കൂൾ മച്ചിപ്ലാവ്.

V. സച്ചിൻ മത്തായി പള്ളുപ്പട്ടയിൽ, ഫാത്തിമാ മാതാ സൺഡേ സ്കൂൾ കൂമ്പൻപാറ.





" ലിയാ സണ്ണി കൊച്ചുമറ്റം, സെന്റ് തോമസ് സൺഡേ സ്കൂൾ ആയിരമേക്കർ

" ആതിരാ തോമസ് കൂനാനിക്കൽ, സെന്റ് മേരീസ് സൺഡേ സ്കൂൾ പെരിഞ്ചാംകുട്ടി

" റാണി ജോർജ്ജ് അമ്പാട്ട്, സെന്റ് ജൂഡ് സൺഡേ സ്കൂൾ അടിമാലി.

## Std V

I. ശാലു എസ്. തയ്യിൽ, സെന്റ് ഫ്രാൻസീസ് അസ്സീസി സൺഡേ സ്ക്കൂൾ മച്ചിപ്ലാവ്

II. ആർഷ ടി. തോമസ് തെക്കേൽ, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ പേഴുംകണ്ടം.

III. അഞ്ജു മോൾ സെബാസ്റ്റ്യൻ പുളിമൂട്ടിൽ, സെന്റ് ആന്റണീസ് സൺഡേ സ്കൂൾ എല്ലക്കൽ

IV. ജെറി സജി കാരിവേലിൽ, സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ വെള്ളയാംകുടി.

" ആഞ്ചല സിബി വെള്ളമാക്കൽ, സെന്റ് മേരീസ് സൺഡേ സ്കൂൾ കരിമ്പൻ

" ഹേമ ജയ്സൺ പടിഞ്ഞാറേക്കുറ്റ് സെന്റ് ആന്റണീസ് സൺഡേ സ്കൂൾ എല്ലക്കൽ

" ടോം സാബു തൈപ്പറമ്പിൽ, സെന്റ് തോമസ് സൺഡേ സ്കൂൾ പൈനാവ്.

V. ജോബിൻ ജോൺസൺ വെളിയത്ത്, ഫാത്തിമാമാതാ സൺഡേ സ്കൂൾ കൂമ്പൻപാറ

" ജസ്റ്റിൻ ജോസഫ് തേവർപറമ്പിൽ, സെന്റ് ജോർജ്ജ്സ് സൺഡേ സ്കൂൾ വെള്ളത്തൂവൽ

" സെബിൻ സെബാസ്റ്റ്യൻ മാറാനാട്ട്, സെന്റ് മേരീസ് സൺഡേ സ്കൂൾ ഉദയഗിരി.

" ആൻ മരിയ സിറിയക് ഇലഞ്ഞിയിൽ, സെന്റ് മേരീസ് സൺഡേ സ്കൂൾ മാങ്കുളം.

## Std IV.

I. അമി ക്ലയർ തെക്കേവീട്ടിൽ ഫാത്തിമാ മാതാ സൺഡേ സ്കൂൾ കൂമ്പൻപാറ

II എയ്ഞ്ചൽ മരിയ കുന്നയ്ക്കാട്ട്, സെന്റ് ജോൺ മരിയ വിയാനി സൺഡേ സ്കൂൾ പണിക്കൻകുടി.

III. റോബിൻ ബെന്നി കുളങ്ങരത്തൊട്ടിയിൽ, സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ വാഴത്തോപ്പ്

" അലൻസ് തോമസ് കൂടപ്പാട്ട്, സെന്റ് തോമസ് സൺഡേ സ്കൂൾ ഇരട്ടയാർ

" ബിഞ്ചുമോൾ ഷാജു കൊട്ടാരത്തിൽ, ഫാത്തിമാമാതാ സൺഡേ സ്കൂൾ കൂമ്പൻപാറ.

IV. ക്രിസ്റ്റീനാ തോമസ് കുന്നേൽ, സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ വെള്ളയാംകുടി

V. മെറിൻ ജോയി അങ്ങാടിയത്ത്, ദേവമാതാ സൺഡേ സ്കൂൾ രാജകുമാരി

" മരിയ റോജസ് നിത്യസഹായമാതാ സൺഡേ സ്കൂൾ എഴുകുംവയൽ

" ഒലീവിയ ബിജു മരുതുംപാറ, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ പനംകുട്ടി.

" അനു അന്ന ജോർജ്ജ് ചക്കാലയിൽ ദേവമാതാ സൺഡേ സ്കൂൾ രാജകുമാരി

പരീക്ഷയിൽ നല്ല വിജയം കരസ്ഥമാക്കിയ ഏവർക്കും അനുമോദനങ്ങൾ. പരീക്ഷയ്ക്കായി കുട്ടികളെ നന്നായി പഠിപ്പിച്ചൊരുക്കിയ മതാദ്ധ്യാപകരെയും ഇതിനു നേതൃത്വം നല്കിയ ബഹു. വികാരിയച്ചന്മാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ഡയറക്ടർ

## സോഷ്യൽ സർവീസസ്

### SS 30/09 നോമ്പുകാല പിരിവ് 09

എല്ലാ വലിയ നോമ്പുകാലത്തും പതിവുള്ളതുപോലെ നമ്മുടെ പരിത്യാഗത്തിന്റെ ഭാഗമായി നോമ്പിലെ ഒരു ഞായറാഴ്ച സമാഹരിച്ച തുക സോഷ്യൽ സർവീസിന്റെ ഓഫീസിൽ നിന്ന് നേരിട്ടെത്തി സമാഹരിക്കുന്നതാണ്. അടുത്തുവരുന്ന ഞായറാഴ്ചകളിൽ സോഷ്യൽ സർവീസിന്റെ പ്രതിനിധികൾ പള്ളികളിലെത്തുമ്പോൾ സമാഹരിച്ച് തുക അവരുടെ കൈവശം കൊടുത്തുവിടണേ.

### SS 31/09 വാർഷിക ഓഡിറ്റിംഗ്

ക്രെഡിറ്റ് യൂണിയനുകളുടെയും ക്രെഡിറ്റ് യൂണിയനു കീഴിലുള്ള സ്വാശ്രയ സംഘങ്ങളുടെയും ഓഡിറ്റിംഗ് തുടങ്ങികഴിഞ്ഞു. ഓഡിറ്റിംഗ് പൂർത്തിയാക്കാത്ത യൂണിറ്റുകളിലും സംഘങ്ങളിലും ഈ മാസം തന്നെ ഓഡിറ്റിംഗ് പൂർത്തിയാക്കുന്നതാണ്. ഭാരവാഹികൾ ഇതിനോടു സഹകരിക്കണെ.

### SS 32/09 ക്ഷീര വർദ്ധിനി വായ്പാ പദ്ധിതി

HDS -ൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന സ്വാശ്രയ സംഘാഗങ്ങളുടെ വരുമാന വർദ്ധനവിനായി നടപ്പിലാക്കുന്ന ക്ഷീര വർദ്ധിനി വായ്പാ പദ്ധതി പ്രകാരം നല്ല രീതിയിൽ പ്രവർത്തിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട 65 സ്വാശ്രയ സംഘങ്ങൾക്ക് 10000/- രൂപ വീതം വായ്പയായി വിതരണം നടത്തി.

### SS 33/09 SAFPകത്തുകൾ

സേവ് എ ഫാമിലി പ്ലാൻ വഴി സഹായം ലഭിക്കുന്നവർ തങ്ങളുടെ ഉപകാരികൾക്ക് നന്ദി പറഞ്ഞുകൊണ്ടുള്ള കത്തുകൾ ഇനിയും ഓഫീസിൽ എൽപ്പിക്കാത്തവർ കഴിവതും വേഗം HDS ഓഫീസിൽ എൽപ്പിക്കേണ്ടതാണ്. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ഇക്കാര്യ





ത്തിൽ അവരെ സഹായിക്കണെ. വീട്ടുവിശേഷങ്ങളും ഈസ്റ്റർ ആശംസകളും ഉൾകൊള്ളിച്ച കത്തുകൾ 24 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച് എയർ മെയിൽ കവറിലാക്കി ഓഫീസിൽ ഏൽപ്പിക്കണേ.

### SS 34/09 മുയൽ മാംസ സംസ്ക്കരണ യൂണിറ്റ് - അംഗത്വം

കനകക്കുന്നിൽ ആരംഭിക്കുന്ന മുയൽ മാംസ സംസ്ക്കരണ യൂണിറ്റിൽ അംഗത്വമെടുക്കുവാൻ താത്പര്യമുള്ള സ്വാശ്രയ സംഘങ്ങൾക്ക് അംഗത്വമെടുക്കാവുന്നതാണ്. താൽപര്യമുള്ള സംഘങ്ങൾ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

### SS 35/09 യാത്രാ മംഗളങ്ങൾ

HDS ന്റെ ആരംഭം മുതൽ വിവിധ തലങ്ങളിലൂടെ സൊസൈറ്റിയുടെ വളർച്ചയ്ക്കായി സേവനം ചെയ്ത ശ്രീ. ജോയി മാത്യു പ്ലാത്തറ കേരളാ സോഷ്യൽ സർവീസ് ഫോറത്തിന്റെ പ്രവർത്തനമേഖലയിലേക്ക് നിയമിതനായിരിക്കുന്നു. പുതിയ പ്രവർത്തന രംഗത്ത് എല്ലാ ഭാവുകങ്ങളും. രൂപതാ സാമൂഹ്യ സേവന രംഗത്ത്, അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനകൾക്ക് രൂപതാ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും.

## ചെറുപുഷ്പ മിഷൻ ലീഗ്

### CML 31/09 ദൈവ വിളിക്യാമ്പ്

ഇടുക്കി രൂപത ചെറുപുഷ്പ മിഷൻ ലീഗ്, രൂപതയിലെ 7,8,9 കാസ്സുകളിലെ അൾത്താര ബാലന്മാർക്കുവേണ്ടി ദൈവവിളി ക്യാമ്പ് നടത്തുന്നു. 2009 മെയ്മാസം 8,9,10 തീയതികളിൽ (വെള്ളി,ശനി, ഞായർ) മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വച്ചാണ് നടത്തുന്നത് 8-ാം തീയതി 4 മണിക്ക് ആരംഭിച്ച് 10-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നു. രജി.ഫീസ് 50.രൂപ. അൾത്താരബാലന്മാരെ ക്യാമ്പിന് പറഞ്ഞുവിടുന്ന കാര്യത്തിൽ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**CML 32/09 സെൻട്രൽ എക്സിക്യൂട്ടീവ്**

2009 മാർച്ച് മാസം 29-ാം തീയതി കരിമ്പൻ ബിഷപ്പ്സ് ഹൗസിൽ വച്ച് പ്രസിഡന്റ് ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ സെൻട്രൽ എക്സിക്യൂട്ടീവ് കൂടി.

**CML 33/09 ഈസ്റ്റർ ആശംസ**

രൂപതാ മിഷൻലീഗ് എക്സിക്യൂട്ടീവ് അംഗങ്ങൾ 2009 ഏപ്രിൽ 11-ാം തീയതി കരിമ്പൻ ബിഷപ്പ്സ് ഹൗസിലെത്തി അഭിവന്ദ്യ പിതാവിന് ഈസ്റ്ററിന്റെ മംഗളങ്ങൾ നേർന്നു.

**CML 34/09 ജോ. ഡയറക്ടേഴ്സ്മീറ്റ്**

മിഷൻലീഗ് ഇടുക്കി രൂപതാ ജോ. ഡയറക്ടേഴ്സ് സമ്മേളനം 2009 ഏപ്രിൽ മാസം 14-ാം തീയതി കരിമ്പൻ ബിഷപ്പ്സ്ഹൗസിൽ വച്ച് പ്രസിഡന്റ് ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടി. രൂപതാ ചാൻസലർ ഫാ. ജോൺ നെല്ലിക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ.ഫാ. സെബാസ്റ്റ്യൻ കൊച്ചുപുര സംഘടനാ പ്രവർത്തനത്തെക്കുറിച്ച് ക്ലാസ്സെടുത്തു. 65 പേർ സംബന്ധിച്ചു. സി. ലിസ്നി S.D., ശ്രീ. ജോസ് പുതിയാപറമ്പിൽ എന്നിവർ ആശംസകൾ നേർന്നു. ഡയറക്ടർ ഫാ. നോബിൾ കുത്തനാപ്പിള്ളിൽ സ്വാഗതം ആശംസിച്ചു. 2008-2009 വർഷത്തേയ്ക്കുള്ള റിപ്പോർട്ട് ഫോം വിതരണം ചെയ്തു. ചർച്ചചെയ്ത് പ്രവർത്തന വിലയിരുത്തൽ നടത്തി. ഒരു മണിക്ക് അവസാനിച്ചു.

**CML 35/09 മേഖലാ ജോ. ഡയറക്ടേഴ്സ് സമ്മേളനം**

2009 ഏപ്രിൽ മാസം 14-ാം തീയതി മേഖലാ ജോ.ഡയറക്ടേഴ്സ് സമ്മേളനം ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടി. 7 പേർ സംബന്ധിച്ചു.

**CML 36/09 എക്സിക്യൂട്ടീവ്**

CML രൂപതാ എക്സിക്യൂട്ടീവ് 2009 ഏപ്രിൽ മാസം 14-ാം തീയതി കരിമ്പൻ ബിഷപ്പ്സ് ഹൗസിൽ വച്ച് പ്രസിഡന്റ് ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

**CML 37/09 തീർത്ഥയാത്ര, വിനോദയാത്ര**





2009 ഏപ്രിൽ മാസം 21-ാം തീയതി CML രൂപതാ എക്സ്ക്യൂട്ടീവ് അംഗങ്ങൾ മലയാറ്റൂർ കുരിശുമലയിലേക്ക് തീർത്ഥാടനം നടത്തുകയും, ഡയറക്ടർ ഫാ. നോബിൾ കുത്തനാപ്പിള്ളിൽ അച്ചന്റെ നേതൃത്വത്തിൽ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ആതിരപ്പള്ളി, വാഴച്ചാൽ, ചാലക്കുടി എന്നീ സ്ഥലങ്ങളിലേക്ക് വിനോദയാത്ര നടത്തുകയും ചെയ്തു. 17 പേർ സംബന്ധിച്ചു.

## കെ.സി.എസ്.എൽ.

**KCSL19/09 സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്**

കെ.സി.എസ്.എൽ. സംസ്ഥാനനേതൃത്വ പരിശീലന ക്യാമ്പ് 2009 ഏപ്രിൽ 18 മുതൽ 22 വരെ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു.

ഏപ്രിൽ 18-ാം തീയതി ക്യാമ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം ഇടുക്കി രൂപതയുടെ അഭിവന്ദ്യ പിതാവ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നിർവ്വഹിച്ചു. കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടർ റവ. ഫാ. ജോൺ ചേനംചിറ, റവ. ഫാ. ജോർജ്ജി പള്ളിക്കുന്നേൽ, ഡോ. എഡ്വേർഡ് എടേഴത്ത്, ശ്രീ. കെ. വൈ. ജോർജ്ജ്, ശ്രീ. മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ, ശ്രീ. സി. ജെ. രാജു, ശ്രീ. സി. പി. ജോർജ്ജ്, ശ്രീ. സിബിച്ചൻ പുല്ലാനപ്പള്ളിൽ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. സംസ്ഥനത്തെ വിവിധ രൂപതകളിൽ നിന്നും 175-ഓളം കുട്ടികൾ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു. നമ്മുടെ രൂപതയിൽ നിന്നും 20 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. ക്യാമ്പിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ രൂപതാ ഭാരവാഹികൾക്കും, കുട്ടികളെ പറഞ്ഞുവിട്ട ആനിമേറ്റേഴ്സിനും രൂപതാകുടുംബത്തിന്റെ ഹൃദ്യമായ നന്ദി.

**KCSL20/09**

വാർഷിക റിപ്പോർട്ട് ഇനിയും തരാത്ത യൂണിറ്റുകൾ എത്രയും വേഗം (മെയ് 15 നു മുമ്പായി)രൂപതാ ഓഫീസിൽഎത്തിക്കേണ്ടതാണ്.

# കെ.സി.വൈ.എം.

### KCYM 47/09 ജീവൻ രക്ഷായാത്ര രാജകുമാരി മേഖല

K.C.Y.M രാജകുമാരി മേഖലയുടെ ആഭിമുഖ്യത്തിൽ മാർച്ച് 28 ശനിയാഴ്ച ജീവൻ രക്ഷാ യാത്ര നടത്തി. മുട്ടുകാട്ടിൽ നിന്നും ആരംഭിച്ച യാത്ര K.C.Y.M മുൻ സംസ്ഥാന സെക്രട്ടറി ബിനോയി മഠത്തിൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡൻറ് ടോം എടക്കര നയിച്ച യാത്രയിൽ യാത്രയിൽ വിവിധ വേദികളിൽ ആയി ഫാ. ഫ്രാൻസീസ് എടവക്കണ്ടം, ഫാ. ജോർജ്ജ് പാട്ടത്തേക്കുഴി, ഫാ. പ്രിൻസ് ഉറുമ്പിൽ, ഫാ. തോമസ് പല്ലത്തുംചിറ, ഫാ. ലൂക്ക് പടിക്കവീട്ടിൽ ഫാ. ജോസഫ് കട്ടക്കയം, ഫാ. ജോസഫ് കാവുങ്കൽ, പാ. ജെയിംസ് മാക്കിയിൽ, നൈസി ഒഴുകയിൽ, ബ്രീസ് മുള്ളൂർ, ബൈജു ദേവസ്യാ, ജോമോൻ ജോർജ്ജ് , നിഷ ആന്റണി, ജോസ്മി ജോർജ്ജ്, സ്നേഹ ജോസ്, ലിൻസി ജോസ്, ഷിന്റോ പാറയിൽ എന്നിവർ പ്രസംഗിച്ചു. ഫാ. ജോസ് പ്ലാച്ചിക്കൽ അദ്ധ്യക്ഷത വഹിച്ച സമാപന സമ്മേളനം രൂപതാ ഡയറക്ടർ ഫാ. മാത്യു അരീപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് രൂപതാ പ്രസിഡന്റ്ഷിജോ തടത്തിൽ സംസാരിച്ചു. യാത്രയോട് അനുബന്ധിച്ച് രൂപതാ കൾച്ചറൽ ടീമിന്റെ തെരുവുനാടകവും കുമാരി ലിൻസ് കാഞ്ഞിരത്തുങ്കൽ അവതരിപ്പിച്ച മോണോ ആക്ടും നടന്നു.

### KCYM 48/09 സൗഹൃദ് നാഷണൽ ട്രെയിനിംഗ് – രാജഗിരി

രാജഗിരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രാജഗിരി ക്യാമ്പസിൽ വച്ച് നടന്ന നാഷണൽ ട്രെയിനിംഗിൽ K.C.Y.M ഇടുക്കി രൂപതയെ പ്രതിനിധീകരിച്ച് സംസ്ഥാന സെനറ്റ് അംഗം മാത്യൂസ് ഐക്കര പങ്കെടുത്തു.

### KCYM 49/09 ജീസസ് നൈറ്റ്– വാഴവര

K.C.Y.M വാഴവര യൂണിറ്റിൽ ഏപ്രിൽ മൂന്നിന് ജീസസ് നൈറ്റ് സംഘടിപ്പിച്ചു. വൈകുന്നേരം ആറിന് ആരംഭിച്ച ജീസസ് നൈറ്റ് ഫാ. തോമസ് നെച്ചിക്കാട്ട് ഉദ്ഘാടനം ചെയ്തു. ശ്രീ. ബിനോയി





മഠത്തിൽ, ബ്രദർ സജി കട്ടപ്പന, മാത്യൂസ് ഐക്കര, ജിൻസ് പാറയ്ക്കൽ, ബ്രദർ ബിബിൻ പുത്തൂർ എന്നിവർ ക്ലാസ്സുകൾ നയിച്ചു. അരുൺ രാജ്, സിജോ മുതുപ്ലാക്കൽ, അനൂപ് തോമസ് എന്നിവർ നേതൃത്വം നല്കി. രാവിലെ 6 ന് വി. കുർബാനയോടുകൂടി ജീസസ് നൈറ്റ് അവസാനിച്ചു. ജീസസ് നൈറ്റ് സംഘടിപ്പിച്ച വാഴവര യൂണിററ് ഡയറക്ടർ, സിസ്റ്റേഴ്സ് എന്നിവർക്ക് രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

### KCYM 50/09 രൂപതാ കമ്മറ്റി – ഭൂമിയാംകുളം

K.C.Y.M രൂപതാ കമ്മറ്റി ഏപ്രിൽ രണ്ടിന് ഭൂമിയാംകുളത്ത് വച്ച് നടന്നു.

### KCYM 51/09 തുമ്പച്ചി കാൽനട തീർത്ഥാടനം

ലോവർ കുളമാവ് K.C.Y.M യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തുമ്പച്ചി കുരിശുമലയിലേക്ക് കാൽനട തീർത്ഥാടനം നടത്തി. ഏപ്രിൽ 10-ാം തീയതി നടന്ന കാൽനട തീർത്ഥാടനത്തിൽ മുന്നൂറോളം പേർ പങ്കെടുത്തു. ഇടവകവികാരി ഫാ. സെബാസ്റ്റ്യൻ കൊച്ചുപുര നേതൃത്വം നല്കി.

### KCYM 52/09 സംസ്ഥാന ഭാരവാഹികൾക്ക് സ്വീകരണം

രൂപതാ സന്ദർശനത്തിനെത്തിയ സംസ്ഥാന ഭാരവാഹികൾക്ക് രൂപതാഓഫീസിൽ സ്വീകരണം നല്കി. തുടർന്ന് നടന്ന സംയുക്ത കമ്മറ്റിയിൽ രൂപതാ പ്രവർത്തനങ്ങളെ സംസ്ഥാന ഭാരവാഹികൾ വിലയിരുത്തി. സംസ്ഥാന പ്രസിഡന്റ് ജോസഫ് തോമസ്, ജനറൽ സെക്രട്ടറി സന്തോഷ് , സെക്രട്ടറി സജി എന്നിവർ പങ്കെടുത്ത കമ്മറ്റിക്ക് രൂപതാ വൈസ് പ്രസിഡന്റ് അനൂപ് തോമസ് അദ്ധ്യക്ഷത വഹിച്ചു.

### KCYM 53/09 എഴുകുംവയൽ തീർത്ഥാടനം

ക്രൂശിതനായ കർത്താവിന്റെ കാൽപ്പാടുകളെ പിന്തുടർന്ന്കൊണ്ട് രൂപതാ ഭാരവാഹികൾ എഴുകുംവയൽ കുരിശുമലയിലേക്ക് തീർത്ഥാടനം നടത്തി. ഫാ. പ്രിൻസ് ഉറുമ്പിൽ, സി. ജിൻസാറോസ് എന്നിവർ നേതൃത്വം നല്കി.

### KCYM 54/09 യുവജനസെമിനാർ– നെടുംങ്കണ്ടം

നെടുങ്കണ്ടം യൂണിറ്റിൽ ഏപ്രിൽ 19 ന് യുവജന സെമിനാർ നടത്തി. K.C.Y.M സംസ്ഥാന സെനറ്റ് അംഗം മാത്യൂസ് ഐക്കര

ക്ലാസ്സുകൾ നയിച്ചു. ഫാ. മൈക്കിൾ മാളിയേക്കൽ, ബ്രീസ് മുള്ളൂർ, നൈസി ഒഴുകയിൽ എന്നിവർ നേതൃത്വം നല്കി.

**KCYM 55/09 ''കെയ്റോസ് '' - പ്ലാനിഗ് കമ്മറ്റി**

പ്രവർത്തന വർഷത്തിൽ രൂപതയിലെ ഇടവകകൾതോറും നടത്തുന്നതിനുള്ള ''കെയ്റോസ് '' ത്രിദിന സഹവാസ ക്യാമ്പിന്റെ പ്ലാനിംഗ് കമ്മറ്റി 26-ാം തീയതി ഞായററാഴ്ച ഫാ. മാത്യു അരീപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽ ഭൂമിയാംകുളത്ത് കൂടിയ കമ്മറ്റിയിൽ മാത്യൂസ് ഐക്കര, ജിൻസ് പാറയ്ക്കൽ, ബിനോയി മഠത്തിൽ, ജോയി പ്ലാത്തറ, ജോജോ എബ്രാഹം എന്നിവർ പങ്കെടുത്തു.

**KCYM 56/09 ''കെയ്റോസ് ''- രൂപതാതല ഉദ്ഘാടനം**

''കെയ്റോസ് '' ത്രിദിന സഹവാസ ക്യാമ്പിന്റെ രൂപതാതല ഉദ്ഘാടനം ഭൂമിയാംകുളത്ത് വച്ച് നടത്തപ്പെട്ടു. K.C.Y.M രൂപതാ വൈസ് പ്രസിഡന്റ് കുമാരി സയന ടി. ജോസഫ് അദ്ധ്യക്ഷയായിരുന്ന പൊതുസമ്മേളനം A.K.C.C രൂപതാ ഡയറക്ടർ ഫാ. ജോസഫ് കോയിക്കകുടി ഉദ്ഘാടനം ചെയ്തു. ഫാ. മാത്യു അരീപ്ലാക്കൽ, ഫാ. വർഗ്ഗീസ് മറ്റത്തിൽ, സി. ജിൻസാ റോസ്, കുമാരി ജോസ്‌ലിൻ, ബ്രീസ് മുള്ളൂർ, സിജോ മുതുപ്ലാക്കൽ, ലിന്റാമോൾ എ. ജെ എന്നിവർ പ്രസംഗിച്ചു.

**KCYM 57/09 രൂപതാ റിസോഴ്സ് ടീ ട്രെയിനിംഗ്**

K.C.Y.M രൂപതാ റിസോഴ്സ് ടീ ട്രെയിനിംഗ് 24-ന് വൈകിട്ട് 6.30-ന് ജപമാല റാലിയോടെ ഭൂമിയാംകുളത്ത് ആരംഭിച്ചു. മൂന്നു ദിവസം നീണ്ടുനില്ക്കുന്ന ട്രെയിനിംഗ് പ്രോഗ്രാമിന് നാഷണൽ ട്രെയിനർ ടോം സഖറിയ ക്ലാസ്സുകൾ നയിച്ചു. റോബി എല്ലക്കൽ, ഷൈൻ മാങ്കുളം, ബൈജു മുരിക്കുംതൊട്ടി, സ്മിത പന്നിയാർക്കുട്ടി എന്നിവർ നേതൃത്വം നല്കി.

**KCYM59/09 അനുമോദനങ്ങൾ**

വിവാഹ ജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന K.C.Y.M ഇടുക്കി രൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ തടത്തിലിന് അനുമോദനങ്ങൾ. K.C.Y.M രൂപതാ കുടുംബത്തെ മൂന്നു വർഷമായി ധീരമായി നയിച്ചുകൊണ്ടിരിക്കുന്ന ഷിജോയ്ക്കും നവവധു ജിൻസിക്കും ഭാവി ജീവിതത്തിലേക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.





**KCYM 60/09 ഇടവകതല ത്രിദിനക്യാമ്പ്**

യുവജനങ്ങളുടെ വ്യക്തിത്വരൂപീകരണവും ആത്മീയവളർച്ചയും ലക്ഷ്യം വച്ചുകൊണ്ട് K.C.Y.M ഇടവകതലത്തിൽ ത്രിദിന ക്യാമ്പായ കെയ്റോസ് 2009 നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കായി ക്യാമ്പ് കോഡിനേറ്റർ ഫാ. മാത്യു അരീപ്ലാക്കൽ 9447050320, മാത്യൂസ് ഐക്കര 9446821363, ജിൻസ് പാറയ്ക്കൽ 9496821464 എന്നിവരുമായി ബന്ധപ്പെടുക.

**FA 13/09 ഫാമിലി അപ്പസ്റ്റോലേറ്റ്**

മെയ് 6-9 വിവാഹ ഒരുക്കധ്യാനം
മെയ് 15-17 ജീവിതദർശന ക്യാമ്പ്
മെയ് 20- 23 വിവാഹ ഒരുക്കധ്യാനം.

**പ്രൊലൈഫ് സെമിനാർ**

ഇടുക്കി രൂപത പ്രൊലൈഫിന്റെ ആഭിമുഖ്യത്തിൽ രൂപതയിലെ ബഹു. സിസ്റ്റേഴ്സിനായി ഏകദിന പരിശീലന പരിപാടി നടത്തുകയുണ്ടായി. അടിമാലി ആത്മജ്യോതിയിൽവച്ച് മാർച്ച് 28-ാം തീയതി നടന്ന സെമിനാറിൽ എഴുപത് ഇടവകകളിൽനിന്നുള്ള ബഹു. സിസ്റ്റേഴ്സ് പങ്കെടുത്തു. അഭിവന്ദ്യ പിതാവ് സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രൊലൈഫ് സംസ്ഥാന സെക്രട്ടറി ശ്രീ. എബ്രാഹം പുത്തൻകുളം സെമിനാറിന് നേതൃത്വം നൽകി.

**AJ 4/09 ആത്മജ്യോതിയിലെ പരിപാടികൾ**

മെയ് 6-9 വിവാഹ ഒരുക്കധ്യാനം
മെയ് 10-15 ആന്തരീക സൗഖ്യാനുഭവധ്യാനം
മെയ് 15-17 ജീവിതദർശന ക്യാമ്പ് (+2 പഠനം പൂർത്തിയാക്കിയവർക്ക്)
മെയ് 20-23 വിവാഹ ഒരുക്കധ്യാനം.

**മാതൃദീപ്തി**

**മാതൃദീപ്തി - കലാമത്സരങ്ങൾ**

ഈ വർഷം മാതൃദീപ്തിയെ സംബന്ധിച്ച് കലാമത്സരത്തിന്റെ വർഷമാണ്. താഴെ പറഞ്ഞിരിക്കുന്ന മത്സര ഇനങ്ങൾ നിശ്ചിത സമ

യപരിധിക്കുള്ളിൽ നടത്തി വിജയികളുടെ പേരുകൾ മേഖല, രൂപത ഓഫീസുകളിൽ എത്തിക്കേണ്ടതാണ്.

**മത്സര ഇനങ്ങൾ**

1. സംഗീതം (1 പാട്ട്-ഭക്തിഗാനം)
2. പ്രസംഗം (5 മിനിറ്റ്)

വിഷയം : ദൈവ വചനം കുടുംബത്തിൽ

: സ്ത്രീ- സഭയിലും സമൂഹത്തിലും

: നിയമപരിഷ്ക്കരണവും വിശ്വാസജീവിതവും.

3. സമൂഹഗാനം : (1 പാട്ട് ഭക്തിഗാനം) 7 പേരുടെ ടീം
4. ബൈബിൾ ക്വിസ്: ഭാഗങ്ങൾ (ഉൽപത്തി 27-50, ഫിലിപ്പിയർക്കുള്ള ലേഖനം, മാതൃദീപ്തി നിയമാവലി)
5. മോണോ ആക്ട് : (5 മിനിറ്റ്) ബൈബിൾ അധിഷ്ഠിതം)
6. ബൈബിൾ ദൃശ്യാവതരണം : (7 മിനിറ്റ്-7 പേർ ടീം)

**മത്സരസമയം**

യൂണിറ്റ് മത്സരം മെയ് 30 തിനകം

മേഖലാ മത്സരം ജൂൺ 30 തിനകം

രൂപതാ മത്സരം ജൂലൈ 21 ചൊവ്വ. (സ്ഥലം പിന്നീട് അറിയിക്കുന്നതാണ്.)

**മോഡറേറ്റേഴ്സ് മീറ്റിംഗ്**

2009 ജൂൺ 13-ാം തീയതി ശനിയാഴ്ച, ചുരുളിപള്ളിയിൽ സമയം 10:00.a.m.

എല്ലാ യൂണിറ്റ്, മേഖല മോഡറേറ്റർ സിസ്റ്റേഴ്സും ഇതിൽ നിർബന്ധമായും സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഏകസ്ഥരുടെ കൂട്ടായ്മ**

ഏകസ്ഥരായ വനിതകളുടെ രൂപതാ കുട്ടായ്മ കരിമ്പൻ ബിഷപ്പ്സ് ഹൗസിൽ വച്ച് മെയ്മാസം 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ കൂടുന്നു. ഏകസ്ഥരായിട്ടുള്ള എല്ലാ വനിതകളും സംബന്ധിക്കണമെന്ന് താത്പര്യപ്പെടുന്നു. ബ. അച്ചന്മാരും സിസ്റ്റേഴ്സും ഇക്കാര്യത്തിൽ വേണ്ടി സഹായ സഹകരണങ്ങൾ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

ഡയറക്ടർ





## കുടുംബകൂട്ടായ്മ

### കുടുംബകൂട്ടായ്മ (S.C.C.) സർക്കുലർ

**1. മെയ് മാസം കൂട്ടായ്മകളിൽ ഉപയോഗിക്കാവുന്ന വചനഭാഗങ്ങൾ:**

യോഹ: 16.16-24, യോഹ. 21.-14, യോഹ. 17-21-26, ലൂക്ക 24.36-53,

മർക്കോ. 16.9-20

**2. പരി. കന്യകാ മാതാവിന്റെ മാസം.**

മെയ് മാസത്തിലെ കൂട്ടായ്മകളിൽ പരി. കന്യകാമാതാവിനോടുള്ള ഭക്തിയും അടുപ്പവും കൂടുതൽ വർദ്ധിപ്പിക്കാനുള്ള ശ്രമം ഉണ്ടാകണം. നമ്മുടെ ഓരോ കൂട്ടായ്മയിലും ജപമാല കൂടി ചൊല്ലുകയും പരി. കന്യകാമാതാവിന്റെ മദ്ധ്യസ്ഥം കൂട്ടായ്മകളിൽ പ്രാർത്ഥിക്കുകയും ചെയ്യണം. ഓരോ കുടുംബത്തിലും ജപമാല ഭക്തി വളർത്താൻ ശ്രമിക്കണം. ലൗകായതികത്വം വളർന്ന് നമ്മുടെ ദൈവവുമായുള്ള ബന്ധത്തിന് കോട്ടം വരുത്തികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരി. അമ്മയുടെ മാദ്ധ്യസ്ഥം വഴി തന്റെ മകനും നമ്മുടെ കർത്താവുമായ ഈശോയോട് കൂടുതൽ അടുത്തബന്ധം ഉളവാക്കുവാൻ ശ്രമിക്കാം. മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ മാതാവിന്റെ വണക്കമാസ ജപം കൂട്ടായ്മകളിൽ ചൊല്ലുവാനും ആഘോഷപൂർവ്വം നടത്തുവാനും ശ്രമിക്കുമല്ലോ.

**3. ബൈബിൾ കലാ മത്സരങ്ങളും ഇടവകദിനാഘോഷവും**

കൂട്ടായ്മകൾ ശക്തമായ ഇടവകകളിൽ ബൈബിൾ കലാമത്സരങ്ങൾ നടത്താനും ബൈബിൾ ഭാഗങ്ങളെ ആസ്പദമാക്കി പ്രസംഗം, സംഗീതം, ബൈബിൾ ക്വിസ്സ്, ബൈബിൾ പാരായണം, ബൈബിൾ ഏകാങ്കം, സമൂഹഗാനം ഇവയിലൂടെ നമ്മുടെ കൂട്ടായ്മകളെ വളർത്താനും വചനാധിഷ്ഠിതമാക്കാനും ശ്രമിക്കുമല്ലോ.

ഡയറക്ടർ.

## ലേബർ മൂവ്മെന്റ്

**തൊഴിലാളി ദിനാഘോഷവും തൊഴിലാളി സംഗമവും**

മെയ്മാസം 1-ാം തീയതി മുക്കുടം ഇടവകയിൽ വച്ച് തൊഴിലാളി ദിനാഘോഷവും തൊഴിലാളി സംഗമവും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

കേരളാ ലേബർ മൂവ്മെന്റിന്റെ സംസ്ഥാന ജോയിന്റ് സെക്ര ട്ടറിയായി ശ്രീ. സിജോ പള്ളത്ത് പണിക്കൻകുടിയേയും, സ്വാതന്ത്ര നിർമ്മാണ തൊഴിലാളി യുണിയന്റെ സംസ്ഥന കമ്മറ്റി അംഗമായി ശ്രീ. ഷാജി തുണ്ടത്തിൽ അടിമാലിയേയും തിരഞ്ഞെടുത്തിരിക്കുന്നു.

## വാർത്തകളും വിശേഷങ്ങളും

### വൈദികവർഷം പ്രഖ്യാപിച്ചു

വത്തിക്കാൻ: വൈദികരുടെ പുണ്യപൂർണ്ണത പ്രോത്സാഹിപ്പി ക്കുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായി ബനഡിക്ട് പതിനാറാൻ മാർപാപ്പ വൈദികർക്കുവേണ്ടി ഒരു വർഷത്തെ ആചരണം പ്രഖ്യാ പിച്ചു. ലത്തീൻസഭയിൽ ജൂൺ 19 ന് ആഘോഷിക്കുന്ന ഈശോ യുടെ തിരുഹൃദയ തിരുനാളിനോടും വൈദികരുടെ വിശുദ്ധീകര ണതിരുനാളിനോടും അനുബന്ധിച്ചുള്ള സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം ഈ വർഷാചരണം മാർപാപ്പാ ഔദ്യോഗികമായി പ്രഖ്യാപി ക്കും. 2010 ജൂൺ 19 ന് സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടക്കുന്ന ലോക വൈദികസമ്മേളനത്തോടെ വർഷാചരണം സമാപിക്കും. മാർച്ച് 16 ന് പതിവുള്ള ഓഡിയൻയിലാണ് വൈദികർക്കു വേണ്ടി യുള്ള കോൺഗ്രിഗേഷനെ ഈ വിവരം മാർപാപ്പ അറിയിച്ചത്.

വൈദികരുടെ സുവിശേഷവൽക്കരണദൗത്യത്തിനും വിശു ദ്ധീകരിക്കുക, പഠിപ്പിക്കുക, നയിക്കുക എന്നീ ത്രിവിധ ദൗത്യ ങ്ങൾക്കും പ്രാധാന്യം നൽകികൊണ്ട് വൈദികർക്കു വേണ്ടിയുള്ള വത്തിക്കാൻ കോൺഗ്രിഗേഷൻ സംഘടിപ്പിച്ച സമ്മേളനത്തിന്റെ സമാപനത്തിൽ എഴുപതോളം അംഗങ്ങളെ മാർപാപ്പാ കാണുകയു ണ്ടായി. ഈ ജൂബിലി വർഷത്തിൽ വിശുദ്ധ വിയാനിയെ ലോകത്തി ലുള്ള എല്ലാ വൈദികരുടെയും സ്വർഗ്ഗീയ മദ്ധ്യസ്ഥനായി മാർപാപ്പ പ്രഖ്യാപിക്കും. ഇപ്പോൾ വി. വിയാനി ഇടവക വൈദികരുടെ മദ്ധ്യ സ്ഥനാണ്. ഈ വർഷം വി. വിയാനിയുടെ 150-ാം മരണ വാർഷികമാണ് ആചരിക്കുന്നത്.

### ഗർഭഛിദ്രം നിയമമാക്കാൻ സർക്കാരിനധികാരമില്ലെന്നു മാർപാപ്പാ

ലുവാണ്ട: ദാരിദ്ര്യത്തിലും രോഗത്തിലും യുദ്ധങ്ങളിലും കഴി യുകയാണെങ്കിലും ധാർമ്മികനിയമങ്ങൾ പാലിക്കാൻ ഉത്സാഹി





ക്കണമെന്ന് മാർപാപ്പാ ആഹ്വാനം ചെയ്തു. അംഗോളയിലെ ജന ങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായി രുന്നു അദ്ദേഹം. സ്ത്രീകളും കുട്ടികളുമാണ് ദരിദ്രസാഹചര്യങ്ങ ളുടെ തിക്തഫലങ്ങൾ ഏറ്റവുമധികം അനുഭവിക്കുന്നത്. ആരോ ഗ്യപാലനത്തിന്റെ പേരിൽ ഗർഭഛിദ്രം പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയം അപലനീയമാണ്. ആരോഗ്യം മെച്ചപ്പെടുത്താൻ ജീവൻനശിപ്പിക്കുന്നത്. വൈരുദ്ധ്യമാണ്. ധാർമ്മികനിയമങ്ങളാകണം രാഷ്ട്രനിയമങ്ങൾക്ക് ആധാരം. അംഗോളയുടെ പ്രസിഡന്റ് ജോസ് എഡ്വാർഡോ ഡോസ് സാന്റോസും അവിടെ സന്നിഹിതനായിരുന്നു.

### ബൈബിൾ ശബ്ദകോശം (ബൈബിൾ നിഘണ്ടു)

കേരള സഭയിൽ ദൈവവചനത്തോടുള്ള ആഭിമുഖ്യം വർദ്ധി ച്ചുവരുന്ന സാഹചര്യത്തിൽ വചനപഠനത്തിനായുള്ള അസുലഭ ഗ്രന്ഥം ലഭ്യമാകുന്നു. സാധാരണക്കാരും പണ്ഡിതരുമായ വച നോപാസകർക്ക് ഒരുപോലെ പ്രയോജനകരമായ ഈ ഗ്രന്ഥം സമ്പൂർണ്ണ ബൈബിളിലെ സമസ്ത പദങ്ങളുടെയും സമഗ്രവും ആധികാരികവുമായ പഠനം അനന്യചാരുതയോടെ ആദ്യമായി മല യാളത്തിൽ അവതരിപ്പിക്കുന്നു.1997-ൽ പ്രസിദ്ധീകരിച്ച ബൈബിൾ നിഘണ്ടുവിന്റെ സമ്പൂർണ്ണമായും പരിഷ്കരിച്ച പതിപ്പ്.

5000- ൽപരം വാക്കുകളും 25000-ൽപരം ഉപശീർഷകങ്ങളും വിശകലനം ചെയ്യുന്നു.

ഹീബ്രു- ഗ്രീക്ക് മൂലപദങ്ങളുടെ വെളിച്ചത്തിലുള്ള അപഗ്ര ഥനം

കേരളത്തിലെ പ്രമുഖരായ ബൈബിൾ പണ്ഡിതർ അണിയി ച്ചൊരുക്കുന്ന സംയുക്ത സംരംഭം

പരസ്പരാശ്രിത പദങ്ങളെ മനസ്സിലാക്കാനും വ്യഥാസ്ഥൂലത ഒഴിവാക്കാനും ശാസ്ത്രീയമായ അനുബന്ധ സൂചകങ്ങൾ
മുഖവില 750 രൂപ പ്രീ പബ്ലിക്കേഷൻ 500 രൂപ.

## രൂപതാദ്ധ്യക്ഷന്റെ ഡയറി

### മാർച്ച്-2009

21. അഭിവന്ദ്യ പിതാവ് രൂപതാ മൈനർസെമിനാരിയിൽ വച്ച് വൈദികവിദ്യാർത്ഥികൾക്ക്  മ്ശംശാന, ഹെവ്പ്പദയാക്ക്ന, കാറോയ പട്ടങ്ങൾ നൽകി.

21-22 രാജപുരം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

24 അടിമാലി ആത്മജ്യോതിയിൽ വച്ചുനടന്ന പാസ്റ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.

28 മുരിക്കാശ്ശേരി എസ്.എച്ച് കോൺവെന്റിന്റെ പുതുതായി നിർമ്മിച്ച ചാപ്പലിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു.

29 മങ്കുവ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

31 കോതമംഗലം സെന്റ്. ജോർജ്ജ് കത്തിഡ്രൽ പള്ളിയിൽ നടന്ന 40 മണിക്കൂർ ആരാധനയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**ഏപ്രിൽ 2009**

3 മലയാറ്റൂർ മലയടിവാരത്ത് വച്ച് പ്രൊലൈഫിന്റെ ആഭിമുഖ്യത്തിൽ നടന്ന എക്സിബിഷൻ ഉദ്ഘാടനം ചെയ്തു.

5 ഓശാനത്തിരുന്നാളിനോടനുബന്ധിച്ച് വാഴത്തോപ്പ് കത്തിഡ്രലിൽ നടന്ന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

* അടിമാലി സെന്റ്. ജൂഡ് ടൗൺ പള്ളിയിൽ വച്ചു നടന്ന ബൈബിൾ കൺവൻഷന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു.

9 വാഴത്തോപ്പ് കത്തിഡ്രൽ ദൈവാലയത്തിൽ വച്ച് വി. മൂറോൻ കൂദാശ ചെയ്തു.

* വാഴത്തോപ്പ് പള്ളിയിൽ പെസഹാ വ്യാഴാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.





10 വാഴത്തോപ്പ് കത്തിഡ്രലിൽ നടന്ന ദുഃഖവെള്ളിയാഴ്ച തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും പരിഹാരപ്രദക്ഷിണത്തിൽ സംബന്ധിക്കുകയും ചെയ്തു.

11 വാഴത്തോപ്പ് കത്തിഡ്രലിൽ ദുഃഖശനിയാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

12 വാഴത്തോപ്പ് കത്തിഡ്രൽ പള്ളിയിൽ ഉയിർപ്പുതിരുന്നാൾ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ഈസ്റ്റർ സന്ദേശം നൽകുകയും ചെയ്തു.

13 വാഴത്തോപ്പ് പള്ളിയിൽ വച്ച് ആരാധനാ സഭാംഗങ്ങളായ അർത്ഥിനികൾക്ക് സഭാ വസ്ത്രം നൽകി.

16 ശാന്തിഗ്രാം പള്ളിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

17 കോമ്പയാർ ഇടവകയിൽ പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചിരിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

18 സ്നേഹഗിരി ഇടവകയിൽ പാഷനിസ്റ്റ് സഭാംഗമായ ബഹു.തോമസ് എനാമറ്റത്തിൽ ഡീക്കന് തിരുപ്പട്ടം നൽകി.

19 ആരക്കുഴ മലേക്കുരിശ്ശിൽ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദശം നൽകി.

* തൊടുപുഴ മരിയൻ നഗർ ഡിവൈൻ മേഴ്സി ഷ്റൈൽ ഓഫ് ഹോളി മേരിയിൽ വച്ചുനടന്ന ദൈവകാരുണ്യ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് ദൈവകരുണയുടെ മഹത്വത്തെക്കുറിച്ച് സന്ദേശം നൽകി.

20 മുരിക്കാശ്ശേരി എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടന്ന സി. സെബസ്റ്റീനയുടെ സുവർണ്ണ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

# BISHOP'S ENGAGEMENTS

**May 2009**

| | Place | Programme | Time |
|---|---|---|---|
| 1. | Vazhathope | SH Vestition | 09.00 am |
| 2. | Mundanmudy | Ordination | 09.30 am |
| 3. | Adimali | Marriage | 12.00 pm |
| 4. | Engaged | | |
| 5. | Kunchithanni | Death Anniversary | 04.00 pm |
| 6. | Engaged | | |
| 7. | Chelliampara | SMC Convent Blessing | 10.30 am |
| 8. | Panickankudy | Blessing, Mass | 03.00 pm |
| 9. | Engaged | | |
| 11. | Minor Seminary | Major Seminarians Gathering | 06.00 pm |
| 13. | Minor Seminary | Vestition | 09.00 am |
| 14. | Murickassery | Silver jubilee (FCC) | 06.30 am |
| 16. | Kadaplamattam | Marriage | |
| 17. | Engaged | | |
| 23. | Adimali | | 03.00 pm |
| 23-24. | Churuly | Visit | 5.30 pm |
| 25. | Pottankadu | Marriage | 11.30 am |
| 28. | Thopramkudy | Vestition | 09.30 am |
| 31. | Thattekkanny | Visit | |

